I.ഇ.ബി. XII-കേരള നിയമസഭ/VII-12

## പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2008 മാർച്ച് 17, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**തിരുത്ത്.**

10-3-08-ലെ നക്ഷത്രചിഹ്നമിടാത്ത ടി. 1248-ാം നമ്പർ ചോദ്യത്തിന്റെ എ, ബി., സി. പിരിവുകളിലെ തിരുത്തിയ ഉത്തരം വ്യവസായ വകുപ്പുമന്ത്രി സഭയുടെ മേശപ്പുറത്ത് വച്ചു.

**അടിയന്തിര പ്രമേയം.**

വേനൽ മഴമൂലമുണ്ടായ കൃഷിനാശം.

മി.സ്പീക്കർ: കോട്ടയം, പാലക്കാട്, ആലപ്പുഴ ജില്ലകളിൽ തൊഴിലാളികളെ കിട്ടാത്ത പാടശേഖരങ്ങളിൽ കൊയ്ത്ത് യന്ത്രം ഉപയോഗിക്കാൻ അനുവദിക്കാത്തതിനാൽ ആയിരക്കണക്കിന് ഏക്കർ പാടശേഖരങ്ങളിലെ വിളവ് മഴയിൽ മുങ്ങി വമ്പിച്ച നാശനഷ്ടം സംഭവിച്ചതുമൂലം ഉളവായിട്ടുള്ള ഗൗരവതരമായ സ്ഥിതിവിശേഷം

സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ബി. ബാബു പ്രസാദ്, തോമസ് ചാഴികാടൻ, കെ.കുട്ടി അഹമ്മദ് കുട്ടി, കെ.ബി. ഗണേഷ് കുമാർ, കെ.കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): വേനൽ മഴമൂലം കോട്ടയം, പാലക്കാട്,. ആലപ്പുഴ ജില്ലകളിലും തൃശൂർ കോൾ നിലങ്ങളിലും വ്യാപകമായ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. കൊയ്ത്ത്-മെതി യന്ത്രം ഇപ്പോൾ കളത്തിലിറക്കാനുള്ള പ്രധാന തടസ്സം വെള്ളമാണ്. .കൃഷി, റവന്യൂ, ഇറിഗേഷൻ എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ തണ്ണീർമുക്കം ബണ്ട് തുറക്കാനും വെള്ളം ഒഴുക്കിക്കളയാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മഴ പെയ്യുന്നതുകൊണ്ട് കെട്ടിനിൽക്കുന്ന വെള്ളം തടഞ്ഞുനിർത്താനുള്ള സംവിധാനവുമുണ്ടാക്കിയിട്ടുണ്ട്.. ജില്ലാ കളക്ടറും കൃഷി-ഇറിഗേഷൻ വകുപ്പുകളിലെ ഉദ്യോഗസ്ഥരും കുട്ടനാട് മേഖലയിൽ ഇപ്പോൾ ഉണ്ട്. മഴ നിന്ന് വെള്ളം കുറഞ്ഞാൽ മാത്രമേ കൊയ്ത്ത് യന്ത്രം കളത്തിൽ ഇറക്കാൻ കഴിയുകയുള്ളൂ. മഴമൂലമുണ്ടായ നാശനഷ്ടങ്ങൾ നേരിടുന്നതിന് കൃഷി വകുപ്പുമന്ത്രിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമടങ്ങുന്ന ഒരു യോഗം ഇന്ന് തന്നെ കുട്ടനാട്ടിൽ വിളിച്ചുചേർത്തിട്ടുണ്ട്. അടിയന്തിര പരിഹാരം കാണാനും കൃഷിക്കാർക്ക് ഉണ്ടായ നാശനഷ്ടങ്ങളെക്കുറിച്ച് ആലോചിച്ച് നാളത്തെ ക്യാബിനറ്റിൽ തീരുമാനമെടുക്കാനുമായി ജില്ലാ കളക്ടർ കൃഷി വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും വിവരങ്ങൾ ശേഖരിക്കുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതാണ്.

ശ്രീ. ബി. ബാബു പ്രസാദ്: അതീവ ഗുരുതരമായ സ്ഥിതിവിശേഷമാണ് ഇന്ന് കുട്ടനാട്ടിൽ സംജാതമായിട്ടുള്ളത്. ശനിയാഴ്ച പെയ്ത വേനൽ മഴയിൽ കുട്ടനാടുള്ള പതിനായിരക്കണക്കിന് ഹെക്ടർ വരുന്ന പാടശേഖരങ്ങളിൽ കോടിക്കണണക്കിന് രൂപയുടെ നെല്ലാണ് നശിച്ചത്. കൊയ്തുവച്ച കറ്റയും മെതിച്ചിട്ട നെല്ലും കിളിർത്ത് പോയി. കൊയ്ത്ത് തുടങ്ങാനായി കൊയ്ത്ത് -മെതി യന്ത്രം കണ്ടത്തിലിറക്കാൻ ആവശ്യപ്പെട്ടുകൊണ്ട് കർഷകർ കൃഷി വകുപ്പിനെ സമീപിച്ചപ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അനുകൂലമായ നിലപാട് സ്വീകരിക്കാതെ ഉത്തരവാദിത്വത്തിൽനിന്ന് പിൻമാറുകയാണ് ചെയ്തത്. കൊയ്ത്ത് യന്ത്രം ഇറക്കി പാടം കൊയ്യാൻ ശ്രമിച്ച കർഷകരെ സി.പി.ഐ (എം).-ഉം അവരുടെ പോഷക സംഘടനയായ കെ.എസ്.കെ.ടി.യു.വും അനുവദിച്ചില്ല. കെ.എസ്.കെ.ടി.യു-വിന്റെ ഓഫീസിൽ അപേക്ഷ കൊടുത്താൽ മാത്രമേ കൊയ്ത്ത്- മെതി യന്ത്രം ഉപയോഗിക്കാൻ അനുവദിക്കൂ എന്ന നിലപാട് സ്വീകരിച്ചതിന്റെ ഫലമായിട്ടാണ് കുട്ടനാട് കർഷകർക്ക് ഇത്തരത്തിലൊരു ദുരന്തം അനുഭവിക്കേണ്ടിവന്നത്. കൊയ്ത്തിന് തൊഴിലാളികളെ നൽകാമെന്ന് പറയുകയും കൊയ്ത്ത്-മെതി യന്ത്രത്തിന് പാർട്ടി ഓഫീസിൽനിന്ന് അപേക്ഷകൾ വിതരണം ചെയ്ത് കർഷകരെ കബളിപ്പിക്കുകയും ചെയ്ത് കൊയ്ത്ത് താമസിപ്പിച്ച സി.പി.ഐ.(എം) ആണ് ഈ സാഹചര്യമുണ്ടാക്കിയത്. പത്ത് ദിവസം മുമ്പ് കൊയ്ത്ത്-മെതി യന്ത്രം ഇറക്കിയിരുന്നുവെങ്കിൽ 5 ലക്ഷം ക്വിന്റൽ നെല്ല് സംഭരിക്കാനും അതിലൂടെ കേരളത്തിന്റെ ഭക്ഷ്യക്ഷാമം ഒരു പരിധിവരെ പരിഹരിക്കാനും കഴിയുമായിരുന്നു. സ്വന്തം കൃഷിയിടങ്ങളിൽ കൊയ്യണമെങ്കിൽ

സി.പി.ഐ.(എം)-ന്റെ അനുവാദത്തിനുവേണ്ടി പാർട്ടി ഓഫീസുകളിൽ ക്യൂ നിൽക്കണമെന്ന നയം കേരളത്തിന്റെ നെല്ലറയെ തകർക്കും. സംസ്ഥാന സർക്കാരും കൃഷി വകുപ്പും നേതൃത്വം കൊടുക്കേണ്ട ഒരു വിളവെടുപ്പ് ഉത്സവത്തെ കെ.എസ്.കെ.ടി.യു. എന്ന സി.പി.ഐ (എം)-ന്റെ പോഷക സംഘടന തകർക്കുകയാണ് ചെയ്തിരിക്കുന്നത്. കേരളത്തിലെ നാല് ജില്ലകളെ ബാധിക്കുന്ന ഗുരുതരമായ ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): . ഈ വിഷയത്തെ ഗവണ്മെന്റ് അതീവ ഗൗരവത്തോടെയാണ് കാണുന്നത്. റവന്യൂ- കൃഷി. -ഇറിഗേഷൻ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ബന്ധപ്പെട്ട പ്രദേശങ്ങൾ സന്ദർശിക്കുകയുണ്ടായി. തൊഴിലാളികളുടെ ഭാഗത്തുനിന്നോ യന്ത്രം ഇറക്കുന്നവരുടെ ഭാഗത്തുനിന്നോ ഏതെങ്കിലും തരത്തിലുള്ള തടസ്സം വന്നിട്ടുണ്ടെങ്കിൽ അതെല്ലാം ഗവണ്മെന്റ് പരിശോധിക്കുന്നതാണ്. കുട്ടനാട് കാർഷിക മേഖലയെ കൃഷിക്ക് അനുയോജ്യമായ വിധത്തിൽ ഒരുക്കിയെടുത്തതിനുപിന്നിൽ കർഷകത്തൊഴിലാളികൾക്കുള്ള പങ്ക് പ്രതിപക്ഷം മറക്കരുത്. സിവിൽ സപ്ളൈസ് കോർപ്പറേഷൻ ഏറ്റെടുത്ത നെല്ലുപോലും കൊണ്ടുപോകാൻ കഴിയാത്ത വിധം പാടത്തേയ്ക്കുള്ള റോഡുകൾ വെള്ളം കയറി ബ്ളോക്കായിട്ടുണ്ട്. ഇന്ന് ഉച്ചയ്ക്കുശേഷം കൃഷി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഈ പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ സിവിൽ സപ്ളൈസ് കോർപ്പറേഷനിലേയും കൃഷി.- റവന്യൂ വകുപ്പുകളിലെ ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ച് ഒരു യോഗം കുട്ടനാട്ടിൽ വിളിച്ചുചേർത്തിട്ടുണ്ട്. ആ യോഗത്തിലെടുക്കുന്ന തീരുമാനം നാളെ കൂടുന്ന ക്യാബിനറ്റിൽ ചർച്ച ചെയ്ത് കർഷകർക്കുണ്ടായ നഷ്ടം തിട്ടപ്പെടുത്തി ഈ

പ്രശ്നത്തിന് അടിയന്തിര പരിഹാരം ഉണ്ടാക്കുന്നതാണ്. ഈ സാഹചര്യത്തിൽ ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു).

(അടിയന്തിരപ്രമേയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്ന ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ ഉമ്മൻ ചാണ്ടി പ്രസ്താവന നടത്തുകയും സർവ്വശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം. മുരളി, ജോസഫ് എം. പുതുശ്ശേരി, എം. ഉമ്മർ എന്നീ അംഗങ്ങൾ ഇന്നത്തെ സഭാനടപടികൾ തീരുന്നതുവരെ സഭാ കവാടത്തിൽ സത്യാഗ്രഹമിരിക്കുന്നതാണെന്ന് അറിയിക്കുകയും ചെയ്തശേഷം അദ്ദേഹത്തിന്റെ പാർട്ടി അംഗങ്ങളോടൊപ്പം സഭ വിട്ട് പുറത്തുപോയി. ശ്രീ. കെ.എം. മാണി, ശ്രീ. സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷകക്ഷി നേതാക്കന്മാരും പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭ വിട്ട് പുറത്തുപോയി. പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം വീണ്ടും സഭയിൽ ഹാജരായി.)

മുഖ്യമന്ത്രി <u>(ശ്രീ. വി.എസ്. അച്ചുതാനന്ദൻ):</u> മൂന്ന് ദിവസം തുടർച്ചയായുണ്ടായ വേനൽമഴയെത്തുടർന്ന് കുട്ടനാട്ടിലെ നെൽകൃഷിക്കാർക്ക് വൻ നഷ്ടമാണ് ഉണ്ടായിട്ടുള്ളത്. കർഷകത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന കുട്ടനാട്ടിൽ നൂറുകണക്കിന് കൊയ്ത്ത് യന്ത്രങ്ങളുണ്ടെങ്കിലും ഐ.ആർ.സി.യുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് കർഷകത്തൊഴിലാളികളെ ഉപയോഗിച്ചുള്ള കൃഷി നടത്തുന്നത്. ഈ സത്യം മറച്ചുവച്ചാണ് പ്രതിപക്ഷാംഗങ്ങൾ ഇന്ന് വാക്കൗട്ട് നടത്തിയത്.

## ശ്രദ്ധ ക്ഷണിക്കൽ

(1) <u>കൈവശഭൂമിക്ക് പട്ടയം</u>

<u>ശ്രീ. പി. കൃഷ്ണപ്രസാദ്</u>: കൈവശ കൃഷിക്കാരുടെ ഭൂമിക്ക് ഉടമസ്ഥാവകാശം നൽകണമെന്നാവശ്യപ്പെട്ട് കേരള കർഷക സംഘത്തിന്റെ നേതൃത്വത്തിൽ 14 ജില്ലാ കളക്ടറേറ്റുകളിലും ആയിരക്കണക്കിന് കർഷകർ 2008 മേയ് 7-ന് ഉപരോധസമരം നടത്തുമെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. കർഷകവർഗ്ഗത്തോട് ആത്മാർത്ഥമായ പ്രതിജ്ഞാബദ്ധതയുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് പരമാവധി ഒരു വർഷത്തിനിടയിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം. 60 വർഷമായി കൈവശമുള്ള ഭൂമിക്ക് പട്ടയം നിഷേധിക്കുന്നത് ന്യായീകരിക്കത്തക്കതല്ല. വനഭൂമിയായി പ്രഖ്യാപിച്ചിട്ടുള്ള ഭൂമിയിൽ താമസിക്കുന്ന കർഷകർക്ക് 2009 മാർച്ച് 31-നകം പട്ടയം കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. ഇതിനായി റവന്യൂ-വനം വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ പ്രത്യേക സ്ക്വാഡ് രൂപീകരിക്കണം. പദ്ധതി പ്രദേശമായി പ്രഖ്യാപിച്ച ഭൂമിയിൽ പദ്ധതി ഉപേക്ഷിച്ചിട്ടും കൈവശക്കാർക്ക് ഉടമസ്ഥാവകാശം നിഷേധിക്കുന്നത് അപലപനീയമാണ്.കള്ളപ്രമാണമുണ്ടാക്കിയും അനധികൃത കയ്യേറ്റത്തി ലൂടേയും വൻകിട പ്രമാണിമാർ കൈവശം വച്ചിരിക്കുന്ന വനഭൂമി ഭൂരഹിതർക്ക് നൽകാനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ)</u> : 1-1-1977-ന് മുൻപ് കൈവശ ഭൂമിയിൽ താമസമാക്കിയിട്ടുള്ള മലയോര കർഷകർക്കാണ് 1993-ലെ പ്രത്യേക ചട്ട പ്രകാരം പട്ടയം നൽകുന്നത്. വനഭൂമിയിൽ സ്ഥിരതാമസമാക്കിയിട്ടുള്ള കൈവശ കർഷകർക്ക് വനം-റവന്യൂ വകുപ്പ്

സംയുക്തമായി പരിശോധന നടത്തി കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്ന നടപടിയാണ് സ്വീകരിച്ചുവരുന്നത്. 1-1-1977-ന് മുൻപ് വനഭൂമിയിൽ കുടിയേറി കൃഷി ചെയ്തുവരുന്നവർക്കും സംയുക്ത പരിശോധനാ ലിസ്റ്റിൽ ഉൾപ്പെട്ടവർക്കും പട്ടയം കിട്ടാൻ അർഹതയുള്ളവർക്കും നടപടിക്രമങ്ങൾ പൂർത്തിയാകാത്തതുകൊണ്ട് പട്ടയം ലഭിക്കാത്ത കേസുകളിൽ 18-2-2003-ലെ ഗവൺമെന്റ് സർക്കുലർ പ്രകാരം കൈവശാവകാശരേഖ നൽകിവരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പട്ടയത്തിനും കൈവശരേഖയ്ക്കുമായി 105546 അപേക്ഷകളാണ് കിട്ടിയത്. അതിൽ 60,044 പേർക്ക് പട്ടയവും കൈവശ രേഖകളും നൽകുകയുണ്ടായി. ആറളം ഫാമിലേത് ഉൾപ്പെടെ 3200-ഓളം ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചു. സംയുക്ത പരിശോധന നടത്തേണ്ടിയിരുന്ന 46,933.35 ഹെക്ടറിൽ സംയുക്ത പരിശോധന പൂർത്തിയായ 31,899.79 ഹെക്ടർ ഭൂമി 1-1-1977-ന് മുൻപ് കൈവശപ്പെടുത്തിയിട്ടുള്ളതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. 1993-ലെ പ്രത്യേക ചട്ടപ്രകാരം കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ 1977-ന് മുമ്പുള്ള 27,195 കൈവശക്കാർക്ക് പട്ടയം നൽകി. സംയുക്ത പരിശോധന പൂർത്തിയായ കേസുകളിൽ കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്കേ പട്ടയം ലഭ്യമാക്കാൻ കഴിയുകയുള്ളൂ. അതിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരുന്നു. ബാക്കിയുള്ള കേസുകളിൽ സംയുക്ത പരിശോധന പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. സമയബന്ധിതമായി ഈ പ്രശ്നത്തിന് പരിഹാരം കാണാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. മലയോര പ്രദേശത്തെ കർഷകർക്ക് പട്ടയം നൽകുന്നതിന് കൂടുതൽ സർവ്വേയർമാരെ നിയമിച്ച്

സർവ്വേ നടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സി.എച്ച്.ആർ ഭൂമിയിലെ പട്ടയ പ്രശ്നത്തിൽ കോടതിയിൽ നിലനിൽക്കുന്ന കേസുകൾ സംബന്ധിച്ച് വനം-റവന്യൂ വകുപ്പുകൾ സംയുക്തമായി തയ്യാറാക്കിയ അഫിഡവിറ്റ് ഗവൺമെന്റിനുവേണ്ടി ചീഫ് സെക്രട്ടറി സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. ആദിവാസി ഭൂമി പ്രശ്നവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിൽ എസ്.സി/എസ്.ടി., വനം, എൽ.എസ്.ജി. എന്നീ വകുപ്പുകളുടെ യോജിച്ച പ്രവർത്തനത്തിനായി ഒരു ആക്ഷൻ പ്ളാൻ തയ്യാറാക്കിയിട്ടുണ്ട്. 5 ജില്ലകളിൽ ഗവൺമെന്റ് തലത്തിൽ മീറ്റിംഗ് നടത്തിക്കഴിഞ്ഞു. ഗവൺമെന്റ് നടപ്പിലാക്കാൻപോകുന്ന അടുത്ത വർഷത്തെ പദ്ധതിയിൽ മലയോര കർഷകരുടെ പട്ടയ പ്രശ്നം പരിഹരിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്.

(2) <u>മലയാളം ഭരണഭാഷയായി മാറ്റുന്നതിനാവശ്യമായ നടപടികൾ</u>

<u>ശ്രീ. സി.പി. മുഹമ്മദ് :</u> ഭരണഘടനയുടെ 345-ാം വകുപ്പ് പ്രകാരം നിയമസഭയിൽ അവതരിപ്പിക്കുന്ന ബില്ലുകളും ഓർഡിനൻസുകളും മലയാള ഭാഷയിലാക്കണമെന്നുള്ള നിയമം പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ല. ജനസംഖ്യയിലെ 70 ശതമാനത്തോളം ആളുകൾ സംസാരിക്കുന്ന ഭാഷ ഔദ്യോഗിക ഭാഷയായും 30 ശതമാനത്തെ ദ്വിഭാഷയായും അംഗീകരിക്കണമെന്നുള്ള നിയമവും ഇതുവരെ പ്രാവർത്തികമാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. സംസ്കൃതം, അറബി തുടങ്ങിയ അന്യഭാഷാ പദങ്ങൾ ധാരാളം ഉൾക്കൊണ്ടിട്ടുള്ള ഭാഷയാണ് മലയാളം. പൊതുജനങ്ങൾ കാര്യങ്ങൾ മനസ്സിലാക്കുമെന്നുള്ളതുകൊണ്ട് പല വകുപ്പ് ഉദ്യോഗസ്ഥരും ഭരണഭാഷ മലയാളമാക്കുന്നതിൽ വൈമനസ്യം കാണിക്കുന്നുണ്ട്. അവർക്കെതിരെ നടപടി സ്വീകരിക്കണം. കേരളപ്പിറവിയുടെ അൻപതാം

വാർഷികം ആഘോഷിക്കുന്ന സന്ദർഭത്തിലെങ്കിലും ഭരണഭാഷ പരിപൂർണ്ണമായി മലയാളമാക്കാനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സംസ്ഥാനത്തെ ഭരണഭാഷ പൂർണ്ണമായി മലയാളമാക്കുക എന്നുള്ളതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. മലയാളം ഓദ്യോഗിക ഭാഷയാക്കിയിട്ടുള്ള വകുപ്പുകളിലും ഭരണ വകുപ്പുകളിലും നിയമപരമായി ഇംഗ്ളീഷ്, തമിഴ്, കന്നട എന്നീ അന്യഭാഷകൾ ഉപയോഗിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളിടത്ത് ഒഴികെ എല്ലാ ആവശ്യങ്ങൾക്കും ഭരണഭാഷ മലയാളമായിരിക്കണമെന്നാണ് വിവക്ഷിക്കുന്നത്. കോടതികളുടെ കത്തിടപാടുകൾക്കും ഇംഗ്ളീഷിൽ മറുപടി അയയ്ക്കുന്ന ഫയലുകൾക്കും കുറിപ്പുകൾ മലയാളത്തിൽ എഴുതണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. 69 സർക്കാർ വകുപ്പുകളിലും ഭരണ വകുപ്പുകളിലും പബ്ളിക് സർവ്വീസ് കമ്മീഷൻ, കേരള പിന്നോക്കവിഭാഗ ആഫീസുകൾ, കേരള വനിതാ കമ്മീഷൻ, ലോക്ആയുക്ത, ഓംബുഡ്സ്മാൻ എന്നീ സ്ഥാപനങ്ങളിലും പത്ത് പൊതുമേഖലാ സ്ഥാപനങ്ങളിലും 23 സ്വയംഭരണ സ്ഥാപനങ്ങളിലും മലയാളം ഔദ്യോഗിക ഭാഷയായി പ്രഖ്യാപിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റ് വകുപ്പുകളിലും ഭരണഭാഷ മലയാളമാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാനത്തെ ഓദ്യോഗിക ഭാഷാമാറ്റം വിലയിരുത്തുന്നതിന് സംസ്ഥാന-ജില്ലാ-താലൂക്ക് തലത്തിൽ ഔദ്യോഗിക ഭാഷാ സമിതികൾ പ്രവർത്തിക്കുന്നുണ്ട്. അതിനുപുറമെ മുഖ്യമന്ത്രി അദ്ധ്യക്ഷനും വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി ഉപാദ്ധ്യക്ഷനുമായ ഉന്നതതല സമിതി നിലവിലുണ്ട്. ഈ സമിതികൾ ഭരണഭാഷാ മാറ്റം സംബന്ധിച്ച പുരോഗതി വിലയിരുത്താറുണ്ട്. സർക്കാർ ജീവനക്കാർക്ക്

ഔദ്യോഗിക ഭാഷ പരിശീലനത്തിനായി പ്രത്യേക പരിശീലന പരിപാടി നടപ്പിലാക്കിവരുന്നുണ്ട്. മലയാള ഭാഷ സാർവത്രികമാക്കാനുള്ള ലക്ഷ്യം വച്ചുകൊണ്ട് സി-ഡിറ്റ് മലയാളം സോഫ്റ്റ് വെയർ നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് നിയമസഭാ സമിതിയും നിലവിലുണ്ട്. പ്രവാസി മലയാളികളുടെ സഹായത്തോടുകൂടി ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിൽ വിദേശത്ത് മലയാള പഠന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് കേരള മിഷൻ എന്ന പേരിലുള്ള സ്ഥിരം സംവിധാനം നടപ്പിലാക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഭരണഭാഷ മലയാളമാക്കുന്നതിൽ വിമുഖത കാണിക്കുന്ന ഉദ്യോഗസ്ഥരെ ചൂണ്ടിക്കാണിച്ചാൽ നടപടി സ്വീകരിക്കും.

## ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

കണ്ണൂരിൽ 15-3-2008-ന് കൂടിയ സർവ്വകക്ഷിയോഗം

കണ്ണൂർ ജില്ലയുടെ ചില ഭാഗങ്ങളിൽ കഴിഞ്ഞ ചില മാസങ്ങളായി നടന്നുവന്ന രാഷ്ട്രീയ സംഘർഷങ്ങളുടെ ഭാഗമായിട്ടുണ്ടായ ദൗർഭാഗ്യകരമായ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ ഒരു സർവ്വകക്ഷി യോഗം വിളിച്ചതു സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന നടത്തി.

## സബ്മിഷൻ

(1) ചിക്കുൻഗുനിയയ്ക്കെതിരെ മുൻകരുതൽ

ശ്രീ.കെ.എം. മാണി: സംസ്ഥാനമൊട്ടാകെ വീണ്ടും പടർന്നുപിടിക്കാനിടയുള്ള ചിക്കുൻഗുനിയ ഫലപ്രദമായി തടയാൻ കഴിയുന്നില്ലെങ്കിൽ വളരെ ഭീകരമായ ദുരന്തമായിരിക്കും നാം അഭിമുഖീകരിക്കേണ്ടിവരിക. ഈ പകർച്ചവ്യാധി ഫലപ്രദമായി നേരിടുന്നതിന് സംസ്ഥാനത്തെ സർക്കാർ

ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരോ മരുന്നുൾപ്പെടെയുള്ള സംവിധാനമോ ഇല്ല. ആരോഗ്യ മേഖലയിൽ ഡോക്ടർമാരുടേതുൾപ്പെടെ നിരവധി ഒഴിവുകൾ നികത്തപ്പെടാനുണ്ട്. പബ്ളിക് ഹെൽത്ത് ഡിപ്പാർട്ടുമെന്റും എൽ.എസ്.ജി.ഡി.യും തമ്മിൽ കോ-ഓർഡിനേഷൻ ഇല്ല. ഖരമാലിന്യ നിർമ്മാർജ്ജനത്തിന് എ.ഡി.ബി.യിൽനിന്നുമെടുത്ത വായ്പ ചെലവഴിക്കാത്തിനാൽ പദ്ധതി അവതാളത്തിലായി. പകർച്ചവ്യാധികളുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷം സർവ്വകക്ഷി യോഗത്തിൽ എടുത്ത തീരുമാനങ്ങൾ ഇതുവരെ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. പകർച്ചവ്യാധികൾ പടരാനുള്ള സാധ്യത മുൻകൂട്ടി കണ്ടുകൊണ്ട് അതിനെതിരെ ശാസ്ത്രീയമായ തയ്യാറെടുപ്പുകൾ നടത്തണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) : മുൻവർഷങ്ങളിൽ സംസ്ഥാനത്ത് ബാധിച്ച ചിക്കുൻഗുനിയ വളരെ ഭീതിതന്നെയാണ് ഉണ്ടാക്കിയിരുന്നത്. കഴിഞ്ഞ രണ്ട് ദശവർഷക്കാലമായി പകർച്ചവ്യാധികൾ തടയുന്ന കാര്യത്തിൽ ആരോഗ്യവകുപ്പ് നിഷേധാത്മകമായിട്ടുള്ള സമീപനം സ്വീകരിച്ചതിന്റെ ഫലമായിട്ടാണ് ചിക്കുൻഗുനിയ പോലുള്ള പകർച്ചവ്യാധികൾ പടർന്നുപിടിക്കാനിടയായത്. മുൻ ഗവൺമെന്റുകളുടെ കാലത്ത് ഫീൽഡ് സ്റ്റാഫിനെ ഫലപ്രദമായി ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ചിക്കുൻഗുനിയ ഉൾപ്പെടെയുള്ള മാരകരോഗങ്ങൾ പടർന്നുപിടിക്കാതിരിക്കുന്നതിന് വളരെ ആസൂത്രിതവും ജാഗരൂകവുമായ നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും യോജിച്ച് നിരവധി ചർച്ചകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ മാലിന്യ നിർമ്മാർജ്ജനവും കൊതുക്

നിവാരണവുമായി ബന്ധപ്പെട്ട പല പ്രവർത്തനങ്ങളും ഇതിനോടകം നടത്താൻ കഴിഞ്ഞു. ഈ രോഗം പ്രതിരോധിക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകി. നാഷണൽ വെക്ടർബോൺ ഡിസീസസ് പ്രോഗ്രാമിന്റെ ആഭിമുഖ്യത്തിൽ മാസ്റ്റർ പ്ളാൻ തയ്യാറാക്കുകയും ശില്പശാല സംഘടിപ്പിക്കുകയും ചെയ്തു. അലോപ്പതി, ആയുർവേദം, ഹോമിയോ എന്നീ മൂന്ന് വിഭാഗങ്ങളേയും ഉപയോഗപ്പെടുത്തി. സംസ്ഥാനത്തെ വിദഗ്ദ്ധരുടേയും മറ്റ് സംസ്ഥാനങ്ങളിലുള്ളവരുടേയും അഭിപ്രായം അറിയുന്നതിന് എറണാകുളത്തുവച്ച് നാഷണൽ വർക്ക്ഷോപ്പ് നടത്തുകയുണ്ടായി. സ്റ്റേറ്റ് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് പുനസ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു. ജനപ്രതിനിധികൾ ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ തയ്യാറായാൽ പകർച്ച വ്യാധികളിൽനിന്ന് നമുക്ക് രക്ഷപ്പെടാൻ കഴിയും. അതിനായി എല്ലാപേരും സഹകരിക്കണം.

(2) നെൽകൃഷി മേഖലയിലുണ്ടായ നാശനഷ്ടം

ശ്രീ. മുരളി പെരുനെല്ലി : കഴിഞ്ഞ ദിവസങ്ങളിലുണ്ടായ വേനൽ മഴയെത്തുടർന്ന് തൃശ്ശൂരിൽ 6000 ഹെക്ടർ വരുന്ന കോൾ നിലങ്ങളിൽ വെള്ളം കെട്ടിനിന്ന് കൊയ്ത്തിന് തടസ്സമുണ്ടായിരിക്കുകയാണ്. കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടം തിട്ടപ്പെടുത്തി നഷ്ടപരിഹാരം നൽകുക; ഇനിയും ചിറകൾ തുറക്കാനുണ്ടെങ്കിൽ തുറന്ന് വെള്ളം പുറത്തേയ്ക്ക് ഒഴുക്കിവിടുക; വെള്ളം പമ്പ് ചെയ്യുന്നതിന് തുടർച്ചയായി വൈദ്യുതി ലഭ്യമാക്കുക; കോൾ മേഖലകളിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിന് ബണ്ടുകൾ കെട്ടുക എന്നിവ അടിയന്തിരമായി നടപ്പിലാക്കണം.

<u>ശ്രീ.വി.എസ്. സുനിൽ കുമാർ</u> : തൃശ്ശൂർ ജില്ലയിലെ 6000 ഹെക്ടർ സ്ഥലത്ത് വേനൽ മഴയെത്തുടർന്ന് കൃഷിനാശം സംഭവിച്ചിരിക്കുകയാണ്. തൃശ്ശൂരിൽ നാശനഷ്ടമുണ്ടായ സ്ഥലം മന്ത്രി സന്ദർശിക്കണം. ഡി-വാട്ടറിംഗ് നടത്തുന്നതിന് വൈദ്യുതി തടസ്സമില്ലാതെ ലഭ്യമാക്കണം. കർഷകർക്ക് ഉണ്ടായ നഷ്ടം പൂർണ്ണമായി നികത്തിക്കൊടുക്കണം. ബണ്ടുകൾ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി <u>(ശ്രീ.മുല്ലക്കര രത്നാകരൻ</u>) : മാർച്ച് 13, 14, 15 തീയതികളിൽ പെയ്ത ശക്തമായ വേനൽ മഴയെത്തുടർന്ന് തൃശ്ശൂർ ജില്ലയിൽ 25 ശതമാനം മുതൽ 75 ശതമാനംവരെ കൊയ്യാറായ നെൽകൃഷിക്ക് നാശം ഉണ്ടായിട്ടുണ്ട്. ബണ്ടുകൾ ഭാഗികമായി മുറിച്ച് വെള്ളം ഒഴുക്കിക്കളയുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ട്. കൃഷിനാശം സംബന്ധിച്ച് കണക്കുകൾ ശേഖരിക്കാൻ അടിയന്തിര നിർദ്ദേശം നൽകിയിട്ടുണ്ട്. ബണ്ടുകൾ പുനർനിർമ്മിക്കുന്നതിനും നഷ്ടപരിഹാരം നൽകുന്നതുമടക്കമുള്ള കാര്യങ്ങൾ അടുത്ത മന്ത്രിസഭാ യോഗത്തിൽ തീരുമാനിക്കുന്നതാണ്. നാശനഷ്ടം ഉണ്ടായ സ്ഥലങ്ങൾ ഉടൻതന്നെ സന്ദർശിക്കുന്നതാണ്.

### (3) <u>ആലപ്പുഴ കുടിവെള്ള പദ്ധതി</u>

<u>ശ്രീ. കെ.സി. വേണുഗോപാൽ</u>: ആലപ്പുഴയിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുകയാണ്. കുടിക്കാൻ യോഗ്യമല്ലാത്ത വെള്ളമാണ് വാട്ടർ അതോറിറ്റി ഇപ്പോൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. ആലപ്പുഴ വാട്ടർ സപ്ളൈ സ്കീമിന്റെ സോഴ്സായ പത്തനംതിട്ടയിൽ ഒരു കേസിന്റെ കാരണം പറഞ്ഞ് പദ്ധതി പ്രവർത്തനം നീണ്ടുപോകുകയാണ്. ജനപ്രതിനിധികൾ

ഉൾപ്പെടെയുള്ളവരുടെ യോഗം വിളിച്ചുകൂട്ടി ഈ പദ്ധതി അടിയന്തിരമായി പൂർത്തിയാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) : ആലപ്പുഴ പട്ടണത്തിലും സമീപത്തെ എട്ട് പഞ്ചായത്തുകൾക്കുംവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ പ്രോജക്ട് തയ്യാറാക്കി ആദ്യഘട്ടം നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട കേസ് പരിഹരിക്കുന്നതിന് റവന്യൂ അധികാരികളുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ അടിയന്തിര യോഗം വിളിച്ചുകൂട്ടി പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## (4) വനിതാ കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റ്

ശ്രീ. കെ.ബി. ഗണേഷ് കുമാർ: നിലവിലുള്ള വനിതാ കോൺസ്റ്റബിൾമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി 2008 ജൂൺ മാസം 9-ാം തീയതി അവസാനിക്കുകയാണ്. കേരളത്തിലെ പോലീസ് സേനയുടെ 10 ശതമാനം വനിതാ കോൺസ്റ്റബിൾമാരെ നിയമിക്കുമെന്ന ഈ ഗവൺമെന്റിന്റെ നയം അനുസരിച്ച് 700 വേക്കൻസികൾ ഇപ്പോൾത്തന്നെയുണ്ട്. ഈ ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ.കോടിയേരി ബാലകൃഷ്ണൻ): ഇപ്പോഴത്തെ കണക്കനുസരിച്ച് 30 വനിതാ പോലീസുകാരുടെ എണ്ണം അനുവദിക്കപ്പെട്ട തസ്തികയേക്കാൾ കൂടുതലായതിനാൽ ഇവരെ മറ്റ് ഒഴിവുകളിലേയ്ക്ക് ഉൾക്കൊള്ളിക്കുന്നതാണ്. നിലവിലുള്ള കണക്ക് പ്രകാരം കേരള പോലീസിലെ ലോക്കൽ, എ.ആർ കോൺസ്റ്റബിൾമാരുടെ എണ്ണത്തിന്റെ 10 ശതമാനം വനിതകളാണ്.

സംസ്ഥാന പോലീസിന്റെ അംഗസംഖ്യയ്ക്കനുസരിച്ച് വനിതാ പോലീസുകാരെ നിശ്ചയിക്കുകയാണെങ്കിൽ പുതിയതായി വനിതാ കോൺസ്റ്റബിൾമാരെ എടുക്കേണ്ടിവരും. അതിന് പ്രതിമാസം 15 കോടി രൂപയിലധികം സാമ്പത്തിക ബാധ്യത ഉണ്ടാകും. ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് വനിതാ കോൺസ്റ്റബിൾമാരുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം സജീവമായി പരിഗണിക്കുന്നതാണ്.

(5) <u>വിദ്യാർത്ഥികളുടെ തിരോധാനം</u>

<u>ശ്രീ. സി.കെ.പി. പത്മനാഭൻ</u> : തളിപ്പറമ്പ് സാൻജോസ് ഇംഗ്ലീഷ് മീഡിയം സ്കൂളിലെ രണ്ട് കുട്ടികളെ കഴിഞ്ഞ 23 ദിവസമായി കാൺമാനില്ല. എത്രയും പെട്ടെന്ന് ഈ കുട്ടികളെ കണ്ടെത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ.കോടിയേരി ബാലകൃഷ്ണൻ</u>) : തളിപ്പറമ്പ് സാൻജോസ് ഇംഗ്ലീഷ് മീഡിയം സ്കൂളിലെ ഒൻപതാം ക്ലാസ്സിൽ പഠിക്കുന്ന രണ്ട് കുട്ടികളെ കാണായതിന്റെ പേരിൽ തളിപ്പറമ്പ് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയെങ്കിലും കണ്ടെത്താനായിട്ടില്ല. ഇവരെ കണ്ടെത്തുന്നതിനാവശ്യമായ ഊർജ്ജിത നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്.

(6) <u>സഫിയയുടെ തിരോധാനം</u>

<u>ശ്രീ. സി.എച്ച്. കുഞ്ഞമ്പു</u>: കാസർഗോഡ് ജില്ലയിൽ ചെർക്കളയിൽ വീട്ടുജോലിക്ക് നിന്ന കർണ്ണാടക സ്വദേശിനി 14 വയസ്സുള്ള സഫിയയെ ഒന്നര വർഷമായി കാണാനില്ല. മഹിളാ അസോസിയേഷനും ബാലസംഘവും സഫിയയുടെ തിരോധാനത്തെക്കുറിച്ച് അന്വേഷിക്കാൻ രൂപീകരിച്ച ആക്ഷൻ

കമ്മിറ്റിയും സമരത്തിലാണ്. സഫിയയുടെ തിരോധാനത്തെ സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ.കോടിയേരി ബാലകൃഷ്ണൻ) : സഫിയയുടെ തിരോധാനവുമായി ബന്ധപ്പെട്ട് ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. ഇപ്പോൾ ആ കേസ്സിന്റെ അന്വേഷണം കാസർഗോഡ് ക്രൈം ഡിറ്റാച്ച്മെന്റ് ഡിവൈ.എസ്.പി.ക്കാണ്. ഇതുസംബന്ധിച്ച് ഊർജ്ജിതമായ അന്വേഷണം നടത്തുന്നതിന് നിർദ്ദേശം കൊടുക്കുന്നതാണ്.

(7) കുരിശുകൾ തകർത്തത് സംബന്ധിച്ച്

ശ്രീ. റോഷി അഗസ്റ്റിൻ: ഇടുക്കി കട്ടപ്പന വെള്ളിയാംകുടി സെന്റ് ജോർജ് പള്ളിവക ഭൂമിയിൽ സ്ഥാപിച്ചിരുന്ന 14 കോൺക്രീറ്റ് കുരിശുകൾ തകർത്തതിനുത്തരവാദികളായവരെ കണ്ടുപിടിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഇടുക്കി കട്ടപ്പന വെള്ളിയാംകുടി സെന്റ് ജോർജ് ഫെറോന പള്ളിവക കല്യാണദണ്ഡ് മലമുകളിലുള്ള സുവർണ്ണഗിരി കുരിശ ടിയിലേയ്ക്ക് പീഡനാനുഭവയാത്ര നടത്തുന്നതിന്റെ മുന്നോടിയായി പള്ളി വക സ്ഥലത്ത് 13-01-08-ൽ പുതുതായി സ്ഥാപിച്ച 14 കോൺക്രീറ്റ് കുരിശു കൾ 14-03-2008-ൽ ആരോ തകർക്കപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് ഇന്ത്യൻ ശിക്ഷാനിയമ പ്രകാരം കട്ടപ്പന പോലീസ് സ്റ്റേഷനിൽ ഒരു കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. നശിപ്പിച്ച കുരിശുകളുടെ സ്ഥാനത്ത് മരക്കുരിശുകൾ സ്ഥാപിച്ചതായും റിപ്പോർട്ട്

ലഭിച്ചിട്ടുണ്ട്. സ്ഥിതിഗതികൾ സംഘർഷാവസ്ഥയിലേയ്ക്ക് നീങ്ങാതിരിക്കുന്നതിന് ആവശ്യമായ ജാഗ്രതാ നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർക്കും ജില്ലാ പോലീസിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(8) <u>കേരള അഡ്വക്കേറ്റ്സ് വെൽഫെയർ ഫണ്ട്</u>

<u>ശ്രീ. വി.ജെ. തങ്കപ്പൻ:</u> കേരള അഡ്വക്കേറ്റ്സ് വെൽഫെയർ ഫണ്ട് ആനുകൂല്യത്തിന്റെ ഉയർന്ന പരിധി 5 ലക്ഷം രൂപയായി ഉയർത്തുന്നതിന് നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തണം. 2008-2009 സാമ്പത്തിക വർഷം തന്നെ ഇത് നടപ്പിലാക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ):</u> കേരള അഡ്വക്കേറ്റ്സ് ക്ഷേമനിധി ഫണ്ടിൽ നിന്നും ആനുകൂല്യം ലഭിക്കുന്നതിന് കുറഞ്ഞത് 5 വർഷത്തെ പ്രാക്ടീസ് ആവശ്യമാണ്. 3 ലക്ഷം രൂപയാണ് ക്ഷേമനിധിയിൽ നിന്നും നൽകിവരുന്ന പരമാവധി ആനുകൂല്യം. അത് 5 ലക്ഷം രൂപയാക്കണമെന്ന് അഡ്വക്കേറ്റുമാരുടെ സംഘടനകളും കേരള അഡ്വക്കേറ്റ്സ് ക്ഷേമനിധി കമ്മിറ്റിയും നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. അത് 5 ലക്ഷം രൂപയാക്കുന്നതാണ്. അതിനുള്ള നിയമ ഭേദഗതി കൊണ്ടുവരുന്നതാണ്.

(9) <u>വഴിക്കടവ് ചുരം</u>

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> നിലമ്പൂർ വഴിക്കടവ് ഗാട്ട് റോഡ് ചുരം അതിവർഷം മൂലം ഗതാഗതയോഗ്യമല്ലാതായിരിക്കുകയാണ്. താൽക്കാലികാടിസ്ഥാനത്തിൽ ഗതാഗതം നടത്തിക്കൊണ്ടിരിക്കുന്ന ഈ ചുരം പൂർണ്ണമായി റിപ്പെയർ ചെയ്ത് ഗതാഗതയോഗ്യമാക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): 2007 സെപ്റ്റംബർ മാസത്തിലെ പ്രകൃതിക്ഷോഭത്തെത്തുടർന്ന് കോഴിക്കോട്-നിലമ്പൂർ-ഗൂഡല്ലൂർ റോഡിലെ നാടുകാണിച്ചുരത്തിൽ വിള്ളലുണ്ടായി ഓവുപാലം തകരാറിലാവുകയും ഗതാഗതം പൂർണ്ണമായി തടസ്സപ്പെടുകയും ചെയ്തു. ഭൂമികുലുക്കവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണെന്ന നിലയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടതിനെത്തുടർന്ന് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ ഡയറക്ടറുടെ നേതൃത്വത്തിൽ വിള്ളലുണ്ടായ ഭാഗത്ത് ആവശ്യമായ പരിശോധന നടത്തുകയും പി.ഡബ്ല്യൂ.ഡി. ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് അടിയന്തിര പ്രവൃത്തികൾ നടത്തി താല്ക്കാലികമായി സിംഗിൾ ലൈൻ ട്രാഫിക് ആരംഭിച്ചു. ഇപ്പോൾ 3 മീറ്റർ വീതിയിൽക്കൂടി പ്രവൃത്തി ചെയ്യുന്നതിനുള്ള ഒരു പ്രൊപ്പോസൽ വന്നിട്ടുണ്ട്. അതിന്റെ പണി പൂർത്തിയാക്കിയാൽ 2 ലൈൻ ട്രാഫിക് സംവിധാനം നടത്താൻ കഴിയും. വിവിധ വകുപ്പുകളുടെ സംയുക്ത യോഗം വിളിച്ച് ശാശ്വത പ്രശ്ന പരിഹാരത്തിനായി നടപടികൾ സ്വീകരിക്കുന്നതാണ്.

(10) പുറമ്പോക്ക് സ്ഥലങ്ങളിൽ താമസിക്കുന്നവർക്ക് പട്ടയം

ശ്രീ.വി.ശിവൻകുട്ടി: അരനൂറ്റാണ്ടിലേറെയായി തോട്, പുഴ, കുളം മുതലായവയോട് ചേർന്നുള്ള പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന ഭൂരഹിതർക്ക് നിലവിലുള്ള നിയമതടസ്സങ്ങൾ ഒഴിവാക്കി പട്ടയം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 218 പ്രകാരം തോട്, പുഴ, കുളം തുടങ്ങിയവയും അവയോട് ചേർന്നുള്ള പുറമ്പോക്കു സ്ഥലവും പഞ്ചായത്ത് അധീനതയിലാണ്. അത് കേരള ഭൂമി പതിവു നിയമപ്രകാരം പതിച്ചു നൽകാൻ ചില തടസ്സങ്ങളുണ്ട്. എന്നാൽ പ്രസ്തുത ഭൂമി റവന്യൂ

വകുപ്പിലേയ്ക്ക് ഡീവെസ്റ്റ് ചെയ്ത് റവന്യൂ തരിശ്ശാക്കി മാറ്റിയതിനുശേഷം പതിച്ചു കൊടുക്കാൻ കഴിയുന്നതാണ്. നിയമസഭാ സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശകൾ പരിഗണിച്ചുകൊണ്ട് ഇത് ഡീവെസ്റ്റ് ചെയ്യുന്നതിനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ പാരിസ്ഥിതികവും സാമൂഹികവുമായി പ്രാധാന്യമുള്ളതും പൊതു താല്പര്യാർത്ഥമുള്ളതുമായ സ്ഥലങ്ങളും പ്രദേശങ്ങളും എല്ലാ വിധത്തിലുള്ള പരിശോധനകളും നടത്തി വേണം വ്യക്തികൾക്ക് പതിച്ച് നൽകേണ്ടത്. ഓരോ കേസ്സും പ്രത്യേകമായി പരിശോധിച്ച് പട്ടയം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

## (11) <u>തലശ്ശേരി-മൈസൂർ റെയിൽപ്പാത</u>

<u>ശ്രീ. കെ. പി. മോഹനൻ:</u> തലശ്ശേരി -മൈസൂർ റെയിൽവേ ലൈൻ സംബന്ധിച്ച് ബഡ്ജറ്റ് പ്രഖ്യാപനമുണ്ടായെങ്കിലും സർവ്വേ നടപടികൾ തുടങ്ങിയിട്ടില്ല. എത്രയും വേഗം സർവ്വേ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ);</u> തലശ്ശേരി - മൈസൂർ റെയിൽപ്പാത യാഥാർത്ഥ്യമാക്കുക എന്നത് സംസ്ഥാന സർക്കാരിന്റെ മുഖ്യ അജണ്ടയാണ്. സംസ്ഥാന സർക്കാരിന്റെയും സംസ്ഥാനത്തു നിന്നുള്ള എം.പി.മാരുടെയും സമ്മർദ്ദംമൂലം 2007-08 റെയിൽവേ ബഡ്ജറ്റിൽ 298.75 കിലോമീറ്റർ ദൈർഘ്യം വരുന്ന ഈ പാതയുടെ സർവ്വേയ്ക്ക് കേന്ദ്ര റെയിൽ മന്ത്രാലയം അനുമതി നൽകിയിട്ടുണ്ട്. അതു പ്രകാരുമുള്ള റിപ്പോർട്ട് തയ്യാറാക്കിവരികയാണ്. ഈ പാത യാഥാർത്ഥ്യമാക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

## (12) മെട്രോ റെയിൽ പാത

ശ്രീ. ജോസ് തെറ്റയിൽ: എറണാകുളത്ത് തൃപ്പൂണിത്തുറ മുതൽ ആലുവ വരെ നടപ്പാക്കാനുദ്ദേശിക്കുന്ന മെട്രോ റെയിൽവേ നെടുമ്പാശ്ശേരിവരെ നീട്ടാൻ നിർദ്ദേശം ഉണ്ടാവുകയും പ്രാഥമിക പഠനത്തിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കണോമിക്കൽ വയബിലിറ്റി കണക്കിലെടുത്ത് പ്രസ്തുത പാത അങ്കമാലി വരെ നീട്ടണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം.വിജയകുമാർ): കൊച്ചി നഗരത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ ഉള്ള ഒരു മാസ് റാപ്പിഡ് ട്രാൻസ്പോർട്ട് സംവിധാനമാണ് മെട്രോ റെയിൽവേ. ഇതിനുള്ള സാധ്യതാ പഠന റിപ്പോർട്ട് ഇക്കഴിഞ്ഞ ജൂലായ് മാസത്തിൽ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ സമർപ്പിച്ചിട്ടുണ്ട്. ആലുവയിൽ നിന്ന് ആരംഭിച്ച് കളമശ്ശേരി, കലൂർ, എറണാകുളം സൗത്ത്, മഹാരാജാസ് കോളേജ് എന്നിവിടങ്ങൾ വഴി തൃപ്പൂണിത്തുറ പേട്ടയിൽ വന്ന് അവസാനിക്കുന്ന 25.25 കിലോമീറ്റർ ദൈർഘ്യമുള്ള എലിവേറ്റഡ് മെട്രോ റെയിൽപ്പാതയാണ് ബഡ്ജറ്റിൽ വിഭാവനം ചെയ്തിരിക്കുന്നത്. ഈ പാത പൂർത്തിയാക്കുന്നതിന് 3084 കോടി രൂപ ചെലവാകും. ഡൽഹി മെട്രോ റെയിൽ മാതൃകയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെക്കൊണ്ട് ഇത് ചെയ്യിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതിന് കേന്ദ്ര പ്ളാനിംഗ് കമ്മീഷന്റെ അനുമതി ലഭിക്കണം. പദ്ധതിക്കാവശ്യമായ സ്ഥലമെടുപ്പിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജെ.ബി.ഐ.സി. യിൽനിന്നുള്ള വായ്പ കേന്ദ്ര സർക്കാർ മുഖേന എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## (13) <u>വോൾട്ടേജ് ക്ഷാമം</u>

<u>ശ്രീ. രാജു എബ്രഹാം</u>: റാന്നി നിയോജകമണ്ഡലത്തിലെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (<u>ശ്രീ. എം. വിജയകുമാർ</u>): ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം റാന്നിയിൽ 10.5 കിലോമീറ്റർ 11 കെ.വി. ലൈനും 6 ട്രാൻസ്ഫോർമറുകളും സ്ഥാപിച്ചിട്ടുണ്ട്. 30 കിലോമീറ്റർ 11 കെ.വി. ലൈനും 25 ട്രാൻസ്ഫോർമറുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റാന്നിയിൽ 110 കെ.വി. സബ്സ്റ്റേഷനിലേയ്ക്ക് കോഴഞ്ചേരിയിൽനിന്ന് ഡബിൾ സർക്യൂട്ട് കെ. വി. ലൈൻ പൂർത്തിയാക്കി. റാന്നി പെരിനാട് 33 കെ.വി. സബ്സ്റ്റേഷൻ പണി പുരോഗിച്ചുവരുന്നു. വെച്ചൂച്ചിറ, തുലാപ്പള്ളി എന്നിവിടങ്ങളിൽ 33 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്ന കാര്യം ബോർഡ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

## (14) <u>എടയ്ക്കാട് പഞ്ചായത്തിലെ കുടിവെള്ള പദ്ധതി</u>

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: എടയ്ക്കാട് പഞ്ചായത്തിൽ നബാർഡ് സഹായത്തോടെയുള്ള കുടിവെള്ള പദ്ധതി പൂർത്തിയായെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ പദ്ധതി കമ്മീഷൻ ചെയ്തില്ല. എടയ്ക്കാട് പഞ്ചായത്തിലെയും സമീപ പ്രദേശങ്ങളിലെയും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ഈ പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ):</u> എടയ്ക്കാട് പഞ്ചായത്തിൽ നബാർഡിന്റെ സഹായത്തോടെ വാട്ടർ അതോറിറ്റി

നടപ്പിലാക്കിയ കുടിവെള്ള പദ്ധതിയിൽ, താഴെച്ചൊവ്വയ്ക്ക് സമീപം റെയിൽവേ ലൈനിന് കുറുകെ മെയിൻ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള പുതുക്കിയ എസ്റ്റിമേറ്റ് സൂക്ഷ്മ പരിശോധനയിലാണ്. പ്രസ്തുത എസ്റ്റിമേറ്റിന് അംഗീകാരം നൽകി പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

(15) <u>എടവണ്ണ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം</u>

<u>ശ്രീ. എ.പി. അനിൽകുമാർ</u>: എടവണ്ണ പഞ്ചായത്തിലെ ജലവിതരണം മെച്ചപ്പെടുത്തുന്നതിന് ചാലിയാർ പുഴയിലെ ജലനിരപ്പ് ഉയരാൻവേണ്ടി കവണക്കല്ല് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഷട്ടറുകൾ ഒരടി ഉയർത്തി സ്ഥാപി ക്കുന്നതിന് നടപടി ഉണ്ടാകണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ</u>): വേനൽ ക്കാലത്ത് ചാലിയാർപ്പുഴയുടെ ജലനിരപ്പ് താഴുന്നതുമൂലം ആ പ്രദേശങ്ങളിൽ കുടിവെള്ളപ്രശ്നം രൂക്ഷമാകുന്നുണ്ടെന്നുള്ളത് ശരിയാണ്. ഇത് കണക്കിലെടുത്ത് കവണക്കല്ല് റെഗുലേറ്ററിന്റെ ഷട്ടറുകൾ 25-11-2007 മുതൽ ജലനിരപ്പ് 1.3 മീറ്റർ ഉയരത്തിൽ വരത്തക്കവിധത്തിൽ താഴ്ത്തിവച്ചിരിക്കുകയാണ്. ജലനിരപ്പ് ഇത്രയും ആകുമ്പോൾത്തന്നെ എടവണ്ണ പഞ്ചായത്തിലെ മിക്ക തോടുകളിലും കിണറുകളിലും ജലനിരപ്പ് ഉയരാറുണ്ട്. മേൽപ്പറഞ്ഞ ലെവലിൽത്തന്നെ ഷട്ടറുകൾ കൂടുതൽ താഴ്ത്തിയാൽ പാടശേഖരങ്ങളിലും മറ്റ് കൃഷിസ്ഥലങ്ങളിലും വെള്ളം കയറി കൃഷിനാശം സംഭവിക്കാൻ സാദ്ധ്യതയുണ്ട്. അതുകൊണ്ട് നെൽപ്പാടങ്ങളിലെ കൊയ്ത്ത് കഴിയുന്നത് മുതൽ കാലവർഷംവരെ

ഷട്ടറുകൾ ആനുപാതികമായി ക്രമീകരിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതാണ്.

### (16) കെ. എസ്. ആർ. ടി. സി. ബസ് ക്യാൻസലേഷൻ

ശ്രീ. വർക്കല കഹാർ: വിനോദസഞ്ചാര പ്രദേശവും തീർത്ഥാടന കേന്ദ്രവുമായ വർക്കലയിൽ നിലവിലുണ്ടായിരുന്ന ഇരുപത്തിയഞ്ച് ബസ് സർവ്വീസുകൾ നിർത്തലാക്കിയിരിക്കുകയാണ്. ശിവഗിരി തീർത്ഥാടന കനക ജൂബിലിയുടെ സ്മാരകമായി ആരംഭിച്ച ശിവഗിരി, ഇലവുംതിട്ട സർവ്വീസുകളും നിർത്തലാക്കി. ഇതുമൂലം ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾക്ക് അടിയന്തിര പരിഹാരമുണ്ടാക്കണം.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): വർക്കലയിലേയ്ക്ക് സർവ്വീസുകൾ നടത്തുന്നത് സമീപ ഡിപ്പോയായ ആറ്റിങ്ങലിൽനിന്നാണ്. ചാത്തന്നൂർ, കൊല്ലം, പാറശ്ശാല, കോട്ടയം എന്നീ ഡിപ്പോകളിൽനിന്നും സർവ്വീസുകൾ നടത്തിവരുന്നുണ്ട്. ആറ്റിങ്ങൽനിന്നും പതിനൊന്ന് സർവ്വീസുകളും കൊല്ലം യൂണിറ്റിൽനിന്നും രണ്ട് ഓർഡിനറി സർവ്വീസുകളും പാറശ്ശാലയിൽനിന്ന് അരുവിപ്പുറത്തെയും വർക്കലയേയും ബന്ധിപ്പിച്ച് ഒരു ഫാസ്റ്റ് പാസഞ്ചർ സർവ്വീസും കോട്ടയം യൂണിറ്റിൽനിന്ന് വർക്കല-ശിവഗിരിയിലേയ്ക്ക് ഒരു ഫാസ്റ്റ് പാസഞ്ചറും സർവ്വീസ് നടത്തുന്നു. സമീപ ഡിപ്പോയായ ചാത്തന്നൂരിൽനിന്നും ഒരു ഫാസ്റ്റ് പാസഞ്ചറും രണ്ട് ഓർഡിനറി സർവ്വീസും മുടക്കം കൂടാതെ നടത്തുന്നുണ്ട്. ഈ ഡിപ്പോകളിൽനിന്ന് ആകെ 34 റൗണ്ട് ട്രിപ്പുകൾ സർവ്വീസ് നടത്തുന്നുണ്ട്. കൂടാതെ ഒരു സർവ്വീസ് കൂടി ചാത്തന്നൂർ-പോളച്ചിറ-വർക്കല ക്ഷേത്രം റൂട്ടിൽ ആരംഭിക്കാൻ നടപടി ആയിട്ടുണ്ട്. ബസ്സിന്റെ കുറവുമൂലം താൽക്കാലികമായി നിർത്തിവച്ചിരുന്ന

ആറ്റിങ്ങലിൽനിന്നും വർക്കലയിലേയ്ക്കുള്ള മൂന്ന് മിനി ബസ്സ് സർവ്വീസുകൾ 27-02-2008 മുതൽ എല്ലാ ദിവസവും ഓടിക്കുന്നുണ്ട്. ലാഭകരമല്ലെങ്കിൽപ്പോലും സ്ഥലത്തിന്റെ പ്രധാന്യം കണക്കിലെടുത്ത് വർക്കലയിലേയ്ക്കുള്ള സർവ്വീസുകൾ മുടക്കംകൂടാതെ ഓടിക്കുന്നതാണ്.

**(17) റേഷൻ വ്യാപാരികളുടെ സമരം**

ശ്രീ. കെ. സി. ജോസഫ്: റേഷൻ വ്യാപാരികളുടെ കമ്മീഷൻ വർദ്ധിപ്പിക്കുക, വെട്ടിക്കുറച്ച ഭക്ഷ്യധാന്യം പുന:സ്ഥാപിക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുക, ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള എ. പി. എൽ./ബി. പി. എൽ. ഭക്ഷ്യധാന്യങ്ങൾ നൽകാൻ നടപടി സ്വീകരിക്കുക, വ്യാപാരികൾക്ക് നൽകാനുള്ള കുടിശ്ശിക അനുവദിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് ആൾ കേരള റേഷൻ റീട്ടെയിൽ ഡീലേഴ്സ് അസോസിയേഷൻ ഇന്ന് സെക്രട്ടേറിയറ്റ് ധർണ്ണയും മാർച്ചും നടത്തുകയാണ്. പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതോടൊപ്പം വിലക്കയറ്റംമൂലം പ്രയാസമനുഭവിക്കുന്ന എ.പി.എൽ./ബി.പി.എൽ. റേഷൻ കാർഡുടമകൾക്കുള്ള വെട്ടിക്കുറച്ച റേഷൻ പുന:സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും വേണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): ഇവിടെ ഉന്നയിച്ച എല്ലാ പ്രശ്നങ്ങൾക്കും ഗവൺമെന്റ് നടപടി എടുത്തുകഴിഞ്ഞിരിക്കുകയാണ്. റേഷൻകടക്കാരുടെ കമ്മിഷൻ അടിയന്തിരമായി വർദ്ധിപ്പിക്കുന്നതാണ്. ലൈസൻസ് ഫീ ജൂൺ 30-നകം അടച്ചുതീർത്താൽമതിയെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്. വെട്ടിക്കുറച്ച 93,000 മെട്രിക് ടൺ ബി.പി.എൽ./എ.പി.എൽ. അരിവിഹിതം പുന:സ്ഥാപിച്ചുകിട്ടുന്നതിന് കേന്ദ്രത്തിൽ ആവശ്യമായ സമ്മർദ്ദം

ചെലുത്തിയിട്ടുണ്ട്. മുഖ്യമന്ത്രിയും എം.പി.മാരും പ്രധാനമന്ത്രിയെ നേരിൽ കാണുകയും എം. പി.മാർ അവിടെ സമരം നടത്തുകയും ചെയ്തിട്ടുമുണ്ട്. കൂടുതൽ സമ്മർദ്ദം ചെലുത്തി അരി ലഭ്യമാക്കിയാൽ വിലക്കയറ്റം നിയന്ത്രിക്കാൻ കഴിയും. കുടിശ്ശിക കാലതാമസമില്ലാതെ കൊടുത്തുതീർക്കുന്നതാണ്.

## (18) ജീവനക്കാർക്ക് സ്പെഷ്യൽ അലവൻസ്

ശ്രീ. ബാബു പോൾ: കേരള ബുക്സ് ആന്റ് പബ്ളിക്കേഷൻസ് സൊസൈറ്റിയിൽ 1997 മുതൽ മുൻകാലപ്രാബല്യം നൽകി 05-01-2001-ൽ ശമ്പളപരിഷ്ക്കരണം നടപ്പിലാക്കിയെങ്കിലും 01-11-2000 മുതലുള്ള കുടിശ്ശിക മാത്രമേ അനുവദിച്ചുള്ളൂ. സാമ്പത്തികനില മെച്ചപ്പെടുന്നതിനനുസരിച്ച് 01-03-1997 മുതൽ 31-10-2000 വരെയുള്ള കുടിശ്ശികത്തുക പിന്നീട് നൽകാമെന്നും പ്രസ്തുത ഉത്തരവിൽ ഉറപ്പ് നൽകിയതാണ്. സൊസൈറ്റിയുടെ പ്രവർത്തനം ലാഭകരമായപ്പോൾ ഉയർന്ന ശമ്പളമുള്ള ജീവനക്കാരുടെ കുടിശ്ശികത്തുക 2007 ജനുവരിയിൽ നൽകി. അസിസ്റ്റന്റ് ഹെൽപ്പർ, അൺ സ്കിൽഡ് ജീവനക്കാർ തുടങ്ങിയ വിഭാഗത്തിലുള്ളവരുടെ ശമ്പളസ്കെയിൽ ഗവൺമെന്റ് പ്രസ്സിലെ ഇതേ തസ്തികയിൽ ജോലി ചെയ്യുന്നവരുടെ ശമ്പള നിരക്കിനേക്കാൾ 300 രൂപ ബേസിക്കിൽത്തന്നെ കുറവ് വന്നിരിക്കുകയാണ്. ഈ അപാകത പരിഹരിക്കാൻ നിയോഗിച്ച കമ്മിറ്റിയുടെ ശുപാർശ പ്രകാരം 200 മുതൽ 250 രൂപവരെ സ്പെഷ്യൽ അലവൻസ് നിശ്ചയിച്ച് 2003 ഒക്ടോബർ മുതൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 1997 മുതൽ മുൻകാല പ്രാബല്യം ലഭിക്കേണ്ട സ്പെഷ്യൽ അലവൻസിന്റെ കുടിശ്ശിക നൽകിയിരുന്നില്ല. ഉയർന്ന ശമ്പളസ്കെയിലുള്ളവർക്ക് 1997 മുതൽ കുടിശ്ശിക പൂർണ്ണമായി

നൽകിയപ്പോൾ മേൽപ്പറഞ്ഞ വിഭാഗങ്ങൾക്ക് മുൻകാല പ്രാബല്യം നടപ്പിലാക്കാൻ മാനേജ്മെന്റ് സന്നദ്ധമാകാത്തത് അനീതിയാണ്. അതനുസരിച്ച് ഈ വിഭാഗക്കാർക്ക് അർഹതപ്പെട്ട 1997 മുതലുള്ള സ്പെഷ്യൽ അലവൻസ് നൽകാനാവശ്യമായ നടപടി സ്വീകരിക്കണം.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സ്പെഷ്യൽ അലവൻസ് 01-03-1997 മുതൽ നടപ്പിലാക്കണമെന്ന് ട്രേഡ് യൂണിയനുകൾ സംയുക്തമായി ആവശ്യപ്പെട്ടതനുസരിച്ച് ഇക്കാര്യം വീണ്ടും പരിശോധിച്ചാണ് കെ. ബി. പി. എസ്. ജീവനക്കാർക്ക് 13-10-2003 മുതൽ സ്പെഷ്യൽ അലവൻസ് അനുവദിച്ചത്. സൊസൈറ്റിക്ക് കൂടുതൽ സാമ്പത്തിക ബാദ്ധ്യതയുണ്ടാകുമെന്നതിനാലാണ് സ്പെഷ്യൽ അലവൻസ് മുൻകാല പ്രാബല്യത്തോടെ നൽകേണ്ടതില്ല എന്ന് ഗവൺമെന്റ് തീരുമാനിച്ചത്.

(19) തുറവൂർ സി. എച്ച്. സി.

ശ്രീ. എ. എം. ആരിഫ്: തുറവൂർ സി.എച്ച്.സി.യിലേയ്ക്ക് ആവശ്യമായ സ്റ്റാഫിനെ നിയോഗിക്കാനും ട്രോമാ കെയർ യൂണിറ്റ് സ്ഥാപിക്കാനും നടപടി സ്വീകരിക്കണം. ധനകാര്യ-ആരോഗ്യ വകുപ്പുമന്ത്രിമാർ ചേർത്തല മുനിസിപ്പൽ ഓഫീസിൽവച്ച് ചേർന്ന യോഗത്തിൽ സ്റ്റാഫ് സ്ട്രെംഗ്ത് വർദ്ധിപ്പിക്കാനും സൗകര്യങ്ങൾ മെച്ചപ്പെടുത്താനുമുള്ള തീരുമാനങ്ങളെ ടുത്തിരുന്നു. എല്ലാ സൗകര്യവുമുള്ള ഒരു ഓപ്പറേഷൻ തീയേറ്റർ അവിടെയുണ്ടെങ്കിലും ആവശ്യമായ ഡോക്ടർമാരില്ല. അതുകൊണ്ട് സ്റ്റാഫ് സ്ട്രെംഗ്ത് വർദ്ധിപ്പിക്കുന്നതിനും ട്രോമാ കെയർ യൂണിറ്റ് തുടങ്ങുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): 24 കിടക്കകളും 600 ഒ. പി.യും 25 ഐ. പി. യുമുള്ള തുറവൂർ സി. എച്ച്. സി. യിൽ നിലവിലുള്ള നാല് ഡോക്ടർമാരുടെ തസ്തിക നികത്തുകയും രണ്ട് ഡോക്ടർമാരെ അധികമായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഡോക്ടർമാരുടേയും സ്റ്റാഫിന്റെയും വേക്കൻസി ഫിൽ ചെയ്ത് മരുന്നും മറ്റ് സംവിധാനങ്ങളും നൽകിക്കൊണ്ട് ആ ആശുപത്രിയുടെ പ്രവർത്തനം ഫലപ്രദമായി നടക്കുന്നുണ്ട്. നാഷണൽ ഹൈവേയുടെ സമീപത്തുള്ള ആശുപത്രിയെന്ന നിലയിലും മത്സ്യത്തൊഴിലാളികൾ ധാരാളമുള്ള പ്രദേശമെന്ന നിലയിലും ട്രോമാ കെയർ യൂണിറ്റ് സ്ഥാപിക്കുന്ന കാര്യത്തിൽ പ്രത്യേക പരിഗണന നൽകുന്നതാണ്.

## (20) കണവക്കല്ല് കുടിവെള്ള പദ്ധതി

ശ്രീ. ജോർജ് എം. തോമസ്: തിരുവമ്പാടി നിയോജകമണ്ഡലത്തിലെ കൊടിയത്തൂർ, കാരശ്ശേരി, ഓമശ്ശേരി ഉൾപ്പടെയുള്ള പഞ്ചായത്തുകളിൽ കുടിവെള്ളക്ഷാമം രൂക്ഷമായിരിക്കുകയാണ്. ഇത് പരിഹരിക്കുന്നതിന് കണവക്കല്ല് റെഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതിയിലെ വെള്ളം ഉപയോഗപ്പെടുത്തി ജപ്പാൻ കുടിവെള്ള പദ്ധതി മോഡലിൽ ഒരു പദ്ധതി തിരുവമ്പാടി-കുന്ദമംഗലം മണ്ഡലങ്ങളിൽ വ്യാപിക്കത്തക്കവണ്ണം ആരംഭിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): തിരുവമ്പാടി മണ്ഡലത്തിലെ കാരശ്ശേരി, ഓമശ്ശേരി, കൂടരിഞ്ഞി പഞ്ചായത്തുകളിൽ ജലനിധി പദ്ധതികൾ നിലവിലുള്ളതിനാൽ കേരള വാട്ടർ അതോറിറ്റി ഈ

പഞ്ചായത്തുകളിൽ പുതിയ ശുദ്ധജലവിതരണ പദ്ധതികളൊന്നും ഏറ്റെടുത്തിട്ടില്ല.

## (21) പിറവം മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം

ശ്രീ. എം. ജെ. ജേക്കബ്: പിറവം നിയോജകമണ്ഡലത്തിലെ തിരുവാങ്കുളം മുതൽ തിരുമാറാടി വരെയുള്ള പത്ത് പഞ്ചായത്തുകളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുകയാണ്. സ്റ്റാഫിന്റെ കുറവുമൂലം നിലവിലുള്ള സംവിധാനം കാര്യക്ഷമമായി പ്രവർത്തിപ്പിക്കാനോ ഉയർന്ന പ്രദേശങ്ങളായ ഇടക്കാട്ടുവയൽ, മുളന്തുരുത്തി, ആമ്പല്ലൂർ പഞ്ചായത്തുകളിൽ ശുദ്ധജലം എത്തിക്കുന്നതിനോ കഴിഞ്ഞിട്ടില്ല. ചൂണ്ടി പദ്ധതി ഭാഗികമായിട്ടാണ് കമ്മീഷൻ ചെയ്തിട്ടുള്ളത്. അത്യാവശ്യമായ ഉദ്യോഗസ്ഥരെ നിയമിച്ച് പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): പിറവം മണ്ഡലത്തിൽ 195 ലക്ഷം ലിറ്റർ വെള്ളം വിവിധ പദ്ധതികളിൽക്കൂടി എട്ട് പഞ്ചായത്തുകളിലേയ്ക്ക് വിതരണം ചെയ്യുന്നുണ്ട്. സ്റ്റാഫിന്റെ അപര്യാപ്തത ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. നിരന്തര വാൽവ് ക്രമീകരണം നടത്തി ഉയർന്ന പ്രദേശങ്ങളിൽക്കൂടി കുടിവെള്ളമെത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ചോറ്റാനിക്കര, തിരുവാങ്കുളം പഞ്ചായത്തുകളിൽ നിലവിലുള്ള ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളിൽ കാലപ്പഴക്കം കൊണ്ട് പൈപ്പുകൾ പൊട്ടുന്നതിന്റെ ഫലമായി ജലവിതരണം തടസ്സപ്പെടാറുണ്ട്. തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിക്ക് തിരുവാങ്കുളം ഹിൽ പാലസ് മ്യൂസിയം കോമ്പൗണ്ടിൽ ഓവർഹെഡ് ടാങ്ക് പണിയുന്നതിന് ആവശ്യമായ സ്ഥലം ലഭിക്കാത്തതുമൂലം പ്രവൃത്തി

കാര്യക്ഷമമായി പുരോഗമിക്കുന്നില്ല. എന്നാൽ, ചൂണ്ടിയിൽനിന്ന് കരിങ്ങച്ചിറ വരെയുള്ള പമ്പിംഗ് ലൈൻ സ്ഥാപിച്ച് ചോറ്റാനിക്കര, തിരുവാങ്കുളം പഞ്ചായത്തുകളിൽ നിലവിലുള്ള സംവിധാനത്തിൽക്കൂടി ജലവിതരണം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

## (22) <u>കൊരട്ടി റെയിൽവേ മേൽപ്പാലം</u>

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: കഴിഞ്ഞ 5 വർഷമായി സ്തംഭിച്ചു കിടക്കുന്ന കൊരട്ടി റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. മോൻസ് ജോസഫ്</u>): കൊരട്ടി റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് റെയിൽവേയിൽ നിന്നും അനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുവരികയാണ്. റെയിൽവേയുടെ ഭാഗം കൂടി ചെയ്തു പൂർത്തിയാക്കാമെന്നുള്ള ധാരണയിൽ ആണ് ആർ.ബി.ഡി.സി. വർക്ക് ഏറ്റെടുത്തിരുന്നത്. 2003-ൽ 338 ലക്ഷം രൂപയ്ക്ക് കരാറിലേർപ്പെടുകയും 88 ലക്ഷം രൂപയുടെ പണി പൂർത്തിയാക്കുകയും ചെയ്തു. കെ. എസ്. ഇ. ബി.യുടെ 11 കെ.വി. ലൈനിന്റെ പണി ഇപ്പോൾ പൂർത്തിയായിട്ടുണ്ട്. നിർമ്മാണച്ചെലവ് വർദ്ധിച്ചതു കാരണം മേൽപ്പറഞ്ഞ കരാറുകാർ തുക കൂടുതൽ ആവശ്യപ്പെട്ടിരിക്കുകയാണ്. ഇതും നിർമ്മാണം പൂർത്തിയാക്കാൻ തടസ്സമായിട്ടുണ്ട്. റെയിൽവേയുടെ ഭാഗത്തെ സ്പാനിന്റെ ഡിസൈന് അന്തിമ രൂപം നൽകിയിട്ടില്ല. ഇത്തരത്തിലുള്ള വിവിധ പ്രശ്നങ്ങൾ പരിഹരിച്ച് കൊരട്ടി റെയിൽവേ മേൽപ്പാലത്തിന്റെ പ്രവൃത്തി പുനരാരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## മേശപ്പുറത്തുവച്ച കടലാസ്

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ കേരള ഗവൺമെന്റിനെ സംബന്ധിച്ച 2007 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റിപ്പോർട്ട് (റവന്യൂ വരവുകൾ) ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) മേശപ്പുറത്തു വച്ചു.

## റിപ്പോർട്ട് സമർപ്പണം

1. പബ്ളിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നാൽപ്പത്തിയഞ്ച് മുതൽ അൻപത്തിയേഴ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.
2. സബോർഡിനേറ്റ് ലെജിസ്ളേഷൻ കമ്മിറ്റിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## ധനകാര്യം

**<u>വോട്ട് ഓൺ അക്കൗണ്ട് ചർച്ചയും വോട്ടെടുപ്പും</u>**

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ : തോമസ് ഐസക്</u>) : "ഈ ഉപക്ഷേപത്തോടനുബന്ധിച്ചുള്ള പട്ടികയിലെ മൂന്നാം കോളത്തിൽ യഥാക്രമം കാണിച്ചിരിക്കുന്ന സംഖ്യകളിൽ കവിയാത്ത തുകകൾ പ്രസ്തുത പട്ടികയിലെ രണ്ടാം കോളത്തിൽ ചേർത്തിട്ടുള്ള അനുയോജ്യമായ ഡിമാന്റ് ഹെഡ്ഡുകൾ സംബന്ധിച്ച് 2008-2009 സാമ്പത്തിക വർഷത്തിന്റെ ആദ്യത്തെ നാല് മാസത്തേയ്ക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനുവേണ്ടിയോ ചെലവ് ചെയ്യുന്നതിലേക്കോ ആയി ഗവർണ്ണർക്ക് നൽകണമെന്ന" ഉപക്ഷേപം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ</u>) : ഉപക്ഷേപത്തെ പിന്താങ്ങുന്നു.

സർവ്വശ്രീ റോഷി അഗസ്റ്റിൻ, വി.കെ. ഇബ്രാഹിംകുഞ്ഞ് എന്നീ അംഗങ്ങൾ ഭേദഗതികൾ അവതരിപ്പിച്ചു.

ശ്രീ. എം.എ. വാഹീദ് : വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. ഈ ഗവൺമെന്റിന് കഴിഞ്ഞ രണ്ട് വർഷക്കാലം കാര്യമായി ഒന്നുംതന്നെ ചെയ്യാൻ സാധിച്ചിട്ടില്ല. പ്രതിപക്ഷത്തിരിക്കുമ്പോൾ പറഞ്ഞതുപോലെ ടാറ്റായുടെ കൈവശമുള്ള 50000 ഹെക്ടർ സ്ഥലം തിരിച്ചുപിടിക്കാൻ മുഖ്യമന്ത്രിക്ക് കഴിഞ്ഞിട്ടില്ല. കഴിഞ്ഞ ബഡ്ജറ്റിൽ പല കാര്യങ്ങൾക്കായി വകയിരുത്തിയ തുകയുടെ നാലിലൊന്നുപോലും ചെലവഴിച്ചിട്ടില്ല. റവന്യൂ കമ്മി, ധനക്കമ്മി, ചെലവിനങ്ങൾ, വരവിനങ്ങൾ ഇവയിലൊക്കെ ഗവൺമെന്റ് പുറകോട്ടുപോയി. സംസ്ഥാന സർക്കാരിന്റെ പെർഫോമൻസ് മോശമാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ തുടക്കംകുറിച്ച പല നല്ല പദ്ധതികളും ഈ ഗവൺമെന്റ് തകർത്തു. സംസ്ഥാനത്തുണ്ടായിരുന്ന സമാധനാന്തരീക്ഷം നഷ്ടപ്പെടുത്തി. കൊലപാതകം വർദ്ധിച്ചു. വിദ്യാഭ്യാസ മേഖല തകർത്തു. ഈ വർഷം എസ്.എസ്.എൽ.സി. പരീക്ഷ നടത്തിപ്പ് വികൃതമാക്കി. പാവപ്പെട്ടവർക്കായുള്ള ഇൻഷ്വറൻസ് പദ്ധതിയും അക്ഷയ പദ്ധതിയും ഒരു കിലോ അരി മൂന്ന് രൂപയ്ക്ക് വിതരണം ചെയ്തുകൊണ്ടിരുന്ന സമ്പ്രദായവും ഈ ഗവൺമെന്റ് ഇല്ലാതാക്കി. ക്ഷേമ-വികസന പ്രവർത്തനങ്ങളെ ഗവൺമെന്റ് തകർത്തുകൊണ്ടിരിക്കുകയാണ്. കെ.എസ്.ടി.പി. റോഡ് പണി രണ്ട് വർഷമായിട്ടും തുടങ്ങിയിട്ടില്ല. സുസ്ഥിര നഗര വികസന പദ്ധതി പാഴാക്കി. തിരുവനന്തപുരം തലസ്ഥാന റോഡ് വികസനം സ്തംഭിപ്പിച്ചു. സ്മാർട്ട് സിറ്റി, ടെക്നോ സിറ്റി ഇവ നടപ്പാക്കുന്നതിൽ ഈ ഗവൺമെന്റ് പുറകോട്ടുപോയി. 2006-ലെ ബഡ്ജറ്റിൽ സമഗ്ര തീരദേശ വികസനത്തിനായി അനുവദിച്ച തുകയിൽനിന്നും ഒന്നും ചെലവഴിച്ചില്ല; തീര

വികസന അതോറിറ്റി പിരിച്ചുവിട്ടു. കർഷക കടാശ്വാസ പദ്ധതിക്കും വിഴിഞ്ഞം പദ്ധതിക്കുംവേണ്ടി നീക്കിവച്ച ഒരു പൈസപോലും ചെലവഴിച്ചിട്ടില്ല. 2007-ൽ കൊണ്ടുവന്ന ലക്കിവാറ്റ് ഇല്ലാതാക്കി. ഇ.എം.എസ്. പാർപ്പിട പദ്ധതിക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. അധികാര വികേന്ദ്രീകരണത്തിന്റെ പേരുപറഞ്ഞ് മുഴുവൻ പദ്ധതികളും പഞ്ചായത്തുകളെ ഏൽപ്പിക്കുകയാണ്. തിരുവനന്തപുരത്ത് ആധുനിക ബസ്സ് ടെർമിനൽ ആരംഭിക്കുമെന്ന് പറഞ്ഞിട്ട് അതിനുവേണ്ടിയുള്ള പ്രാരംഭ പ്രവർത്തനങ്ങൾപോലും നടത്തിയിട്ടില്ല. തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിന് ബഡ്ജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തിയത് അപര്യാപ്തമാണ്.

<u>ശ്രീ. സി.കെ. സദാശിവൻ</u> : വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. വികസനത്തിന്റെ കാര്യത്തിൽ സംസ്ഥാനം മുന്നേറിക്കൊണ്ടിരിക്കുകയാണ്. പാവപ്പെട്ട ജനങ്ങൾക്ക് നിരവധി പദ്ധതികൾ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ആഗോളവൽക്കരണവും ഉദാരവൽക്കരണവും സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധിയിൽനിന്നും ജനങ്ങളെ രക്ഷിക്കാനുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാന ഗവൺമെന്റ് ചെയ്യുന്നത്. ഗവൺമെന്റിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളായ സാമൂഹ്യനീതിയും സമഗ്ര വികസനവും ലക്ഷ്യംവച്ചുകൊണ്ടാണ് കഴിഞ്ഞ മൂന്ന് ബഡ്ജറ്റുകൾ അവതരിപ്പിച്ചത്. അവ പൂർത്തീകരിക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കി മുന്നോട്ടുപോകും. സമസ്ത വിഭാഗങ്ങളുടേയും താൽപര്യങ്ങൾ സംരക്ഷിക്കുന്ന ബഡ്ജറ്റിനെ കേരള ജനത സഹർഷം സ്വാഗതം ചെയ്തിരിക്കുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ക്ഷേമപ്രവർത്തനങ്ങളെ ഇല്ലാതാക്കുകയും പല പെൻഷൻ

പദ്ധതികൾ മരവിപ്പിക്കുകയും പൊതു കടം വർദ്ധിപ്പിക്കുകയും ചെയ്തു. ഈ ഗവൺമെന്റിന്റെ ധനകാര്യ വകുപ്പ് നല്ല രീതിയിലുള്ള പ്രവർത്തനങ്ങളാണ് കാഴ്ചവയ്ക്കുന്നത്. 2006-07-ൽ 21.1 ശതമാനം റവന്യൂ നികുതി വരുമാനം വർദ്ധിപ്പിച്ചു. 2010-2011 ആകുമ്പോൾ കേരളം റവന്യൂ കമ്മി ഇല്ലാത്ത സംസ്ഥാനം എന്ന പദവി നേടാൻ പോവുകയാണ്. ആഗോളവൽക്കരണത്തിന്റെ കെണിയിൽപ്പെടാത്ത സംസ്ഥാനമായി കേരളം മാറും. കഴിഞ്ഞ സർക്കാർ കുടിശ്ശിക വരുത്തിയ 28 മാസത്തെ വിവിധ ക്ഷേമ പെൻഷനുകൾ 686 കോടി രൂപ ചെലവഴിച്ചുകൊണ്ട് കൊടുത്തുതീർത്തിട്ടുണ്ട്. കർഷകത്തൊഴിലാളികൾ, ക്ഷയ രോഗികൾ, അടക്കമുള്ളവരുടെ പെൻഷൻ തുക 130 രൂപയിൽനിന്ന് 200 രൂപയായി വർദ്ധിപ്പിച്ചതിലൂടെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ പ്രകടനപത്രികയിൽ 5 വർഷംകൊണ്ട് നടപ്പാക്കുമെന്നുപറഞ്ഞിരുന്ന കാര്യം 21 മാസക്കാലംകൊണ്ട് പൂർത്തിയാക്കിയിരിക്കുകയാണ്. കർഷകർക്ക് ആത്മവിശ്വാസമുണ്ടാക്കാൻ സാധിച്ചു. കർഷകരുടെ ആത്മഹത്യാ പ്രവണത ഇല്ലാതായി. കുട്ടനാട് പാടശേഖരങ്ങൾ മെച്ചപ്പെട്ടുതുടങ്ങിയിട്ടുണ്ട്. തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ നെല്ല് കൊയ്യുന്നതിന് സൗകര്യം കൊടുക്കണമെന്നതാണ് ഐ.ആർ.സി.യുടെ തീരുമാനം. കർഷകത്തൊഴിലാളികളെ വിസ്മരിച്ചുകൊണ്ട് കുട്ടനാട്ടിലെ നെൽകൃഷി അസാധ്യമാണ്. നൂറ് കണക്കിന് കൊയ്ത്ത് യന്ത്രങ്ങൾ അവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. കുട്ടനാട് ഉൾപ്പെടെ സംസ്ഥാനത്തെ മുഴുവൻ കർഷകരുടെയും താൽപര്യങ്ങൾ ഗവൺമെന്റ് സംരക്ഷിക്കും. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് ശവപറമ്പാക്കി മാറ്റിയ വ്യവസായ മേഖലയെ രക്ഷിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. കേന്ദ്ര ഗവണ്മെന്റ്

കേരളത്തിന് നൽകുന്ന അരി വിഹിതത്തിന്റെ 82 ശതമാനം വെട്ടിക്കുറച്ചിരിക്കുകയാണ്. റേഷൻ സബ്സിഡിക്കും സിവിൽ സപ്ളൈസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾക്കുംവേണ്ടി 21 മാസക്കാലംകൊണ്ട് 311 കോടി രൂപയാണ് ഈ ഗവണ്മെന്റ് ചെലവഴിച്ചത്.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു പാസ്സാക്കിയെടുക്കുന്ന തുക ചെലവഴിക്കാനാവാത്ത സ്ഥിതിവിശേഷമായിരുന്നു കഴിഞ്ഞ രണ്ടുവർഷവും നിലവിലുണ്ടായിരുന്നത്. 2008 മാർച്ച് അവസാനിക്കുമ്പോൾ 6950 കോടിരൂപയുടെ പദ്ധതി പ്രവർത്തനങ്ങളിൽ 50 ശതമാനം ചെലവഴിക്കാൻ സാധിക്കുകയില്ല. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നീക്കിവച്ചിട്ടുള്ള പ്ളാൻ ഫണ്ട് ഉപയോഗിക്കുന്ന കാര്യത്തിൽ വളരെ മോശമായ നിലപാടാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് മാത്രമല്ല അത് മോണിറ്റർ ചെയ്യുന്നതിനുള്ള യാതൊരു സംവിധാനവും ഗവണ്മെന്റ് ഉണ്ടാക്കിയിട്ടില്ല. പല തദ്ദേശ ഭരണ സ്ഥാപനങ്ങളുടേയും പ്ളാൻ ഫണ്ടിന്റെ ഉപയോഗം 30 ശതമാനമാണ്; 75 ശതമാനമെങ്കിലും ചെലവഴിക്കാനുള്ള സംവിധാനമുണ്ടാകണം. പദ്ധതി പ്രവർത്തനങ്ങൾക്ക് പണം ചെലവഴിക്കാനുള്ള സംവിധാനമുണ്ടാക്കുന്നതിനുള്ള നടപടി ഗവണ്മെന്റ് സ്വീകരിക്കണം. തദ്ദേശ ഭരണ സ്ഥാപനങ്ങൾ എല്ലാ കാര്യങ്ങളിലും കെടുകാര്യസ്ഥതയാണ് കാണിക്കുന്നത്. പൊതു കടം രണ്ടുവർഷംകൊണ്ട് 10,000 കോടി രൂപ വർദ്ധിച്ചിരിക്കുന്നു. ഈ ഗവണ്മെന്റിന്റെ കാലാവധി അവസാനിക്കുമ്പോൾ പൊതു കടം ഒരു ലക്ഷം കോടി രൂപ കവിയാനാണ് സാദ്ധ്യത. കാർഷിക മേഖലയിലെ വികസനത്തിനുവേണ്ടി കേന്ദ്രം കൊടുക്കുന്ന മാച്ചിംഗ് ഗ്രാന്റ്പോലും ചെലവഴിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. പൊതു വിപണിയിൽ

നിത്യോപയോഗ സാധനങ്ങൾക്ക് വില കൂടിക്കൊണ്ടിരിക്കുന്നു. മാർക്കറ്റ് ഇന്റർവെൻഷനെപ്പറ്റി ബഡ്ജറ്റിൽ പറയുന്നുണ്ടെങ്കിലും അതിനുവേണ്ടി തുക വകകൊള്ളിച്ചിട്ടില്ല. കൊച്ചി മെട്രോ റെയിൽ പദ്ധതി കൊണ്ടുവരുമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും അതിന്റെ സർവ്വേയ്ക്കുപോലും തുക വകകൊള്ളിച്ചിട്ടില്ല. മെട്രോ റെയിലിന്റെ അലൈൻമെന്റിനെപ്പറ്റി നടക്കുന്ന ചർച്ചയിൽ ജനപ്രതിനിധികളേയും വാണിജ്യ-വ്യവസായ സമൂഹത്തിലെ ബന്ധപ്പെട്ടവരേയും പങ്കെടുപ്പിക്കുകയും പ്രശ്നങ്ങളുണ്ടെങ്കിൽ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും വേണം. സച്ചാർ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കുന്നതിനുവേണ്ടി പാലോളി മുഹമ്മദ് കുട്ടി കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുമെന്നു പറയുന്നതോടൊപ്പംതന്നെ പുതിയ തസ്തികകളോ കോഴ്സുകളോ കോളേജുകളോ ഒന്നും അനുവദിക്കുന്നതല്ലെന്ന് പറയുന്നത് കബളിപ്പിക്കലാണ്. ഐ.ടി. രംഗത്ത് സംസ്ഥാനത്ത് പുതിയ നിക്ഷേപം ഉണ്ടായിട്ടില്ല. അമേരിക്കൻ സാമ്പത്തിക വ്യവസ്ഥിതിയിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധി കേരളത്തിലെ ഐ.ടി. പദ്ധതികളെ ബാധിച്ചുകൊണ്ടിരിക്കുന്നതിനാൽ അത് പരിഹരിക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കണം.

<u>ശ്രീ. ബാബു പോൾ</u> : വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. കേന്ദ്ര ഗവൺമെന്റ് നടപ്പാക്കിക്കൊണ്ടിരിക്കുന്ന നയങ്ങൾക്കുള്ള ബദൽ സംവിധാനമാണ് കേരള ഗവൺമെന്റ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഓരോ പദ്ധതിക്കാലത്തും കേരളത്തിനുള്ള വിഹിതത്തിൽ കേന്ദ്രം കുറവ് വരുത്തുന്നത്. കേരളത്തിന്റെ പുരോഗതിക്കും വികസന പദ്ധതികളുടെ നടത്തിപ്പിനും തടസ്സം സൃഷ്ടിക്കുന്നു. അരി വിഹിതം 82 ശതമാനം

വെട്ടിക്കുറച്ചതിന്റെ ഫലമായി വിലവർദ്ധനവുണ്ടായി. പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടുപോലും കാർഷിക വ്യാവസായിക രംഗം ശക്തിപ്പെടുത്തുന്ന സമീപനമാണ് ഗവണ്മെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. നഷ്ടത്തിലായിരുന്ന 22 പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിന് സംസ്ഥാന ഗവണ്മെന്റിന് കഴിഞ്ഞിട്ടുണ്ട്. വിവിധ മേഖലകളിലേയ്ക്ക് കേന്ദ്ര പദ്ധതികൾ വ്യാപിപ്പിക്കുന്നതിനും, ക്ഷേമ പെൻഷൻ അനുവദിക്കുന്നതിനും സാധിച്ചു. ജീവനക്കാരുടെ ആനുകൂല്യങ്ങൾ യഥാസമയം കൊടുക്കുന്നതിനുള്ള സമീപനം സ്വീകരിച്ചു. പൊതുവിതരണരംഗത്ത് കഴിഞ്ഞ 22 മാസംകൊണ്ട് 311 കോടി രൂപ ചെലവഴിച്ചു. കാർഷിക വായ്പ അനുവദിക്കാത്തതിനാൽ ഓർഡിനറി വായ്പയെടുക്കാൻ നിർബന്ധിതരായ കൃഷിക്കാരുടെ വായ്പകൾ കടാശ്വാസ പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കണം. ഭൂമി ഇല്ലാത്തവർക്ക് ഭൂമി നൽകുന്ന സമീപനമാണ് ഗവണ്മെന്റ് സ്വീകരിക്കുന്നത്. ആരോഗ്യ മേഖലയ്ക്ക് മുന്തിയ പരിഗണന നൽകുന്നതിനെപ്പറ്റി ഗവണ്മെന്റ് ആലോചിക്കണം. ഗവണ്മെന്റ് ആശുപത്രികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണം. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് അനുവദിച്ച വാർഡുകൾ നശിച്ചുകൊണ്ടിരിക്കുന്നതിനാൽ ആവശ്യമായ സ്റ്റാഫ് പാറ്റേൺ അനുവദിച്ച് അവിടെ രോഗികളെ കിടത്തി ചികിൽസിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കുന്നതിന് നടപടി സ്വീകരിക്കണം. എം.എൽ.എ. മാർക്ക് വിനിയോഗിക്കാൻ അനുവദിച്ചിരിക്കുന്ന 2 കോടി രൂപയുടെ പദ്ധതിയിൽ ഗവണ്മെന്റ് ആശുപത്രികളെക്കൂടി ഉൾപ്പെടുത്തണം. ഒരു

സർവ്വേയുടെ അടിസ്ഥാനത്തിൽ സ്കൂളുകളും കോളേജുകളും കോഴ്സുകളും പുതുതായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. തോമസ് ഉണ്ണിയാടൻ: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. കുട്ടനാടൻ മേഖലയിൽ കാർഷിക വിളകൾ വെട്ടി നശിപ്പിക്കുകയും മത്സ്യങ്ങളെ തുറന്നുവിടുകയും ചെയ്തുകൊണ്ട് വളരെ ക്രൂരമായ സമീപനമാണ് സി.പി.ഐ.(എം) സ്വീകരിച്ചിട്ടുള്ളത്. പാടശേഖരങ്ങളിൽ കൊയ്ത്ത് യന്ത്രം ഉപയോഗിക്കുന്നതിന് പാർട്ടി ഓഫീസിൽനിന്ന് കർഷകർ മുൻകൂട്ടി അനുവാദം വാങ്ങണമെന്നുള്ളത് മ്ലേച്ഛകരമാണ്. പാടങ്ങളിൽ തൊഴിലാളികളെ കിട്ടാത്തതും വിത്തും വളവും മിതമായ വിലയ്ക്ക് ലഭിക്കാത്തതുമായ പ്രതിസന്ധി അതിജീവിച്ചുകൊണ്ടാണ് കർഷകർ മുന്നോട്ടുപോകുന്നത്. കുട്ടനാട്ടിൽ 6000 എക്കർ സ്ഥലത്ത് മടവീണ് വെള്ളംകയറി കൃഷി നശിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനം കടക്കെണിയിൽപ്പെട്ടുകൊണ്ടിരിക്കുകയാണ്. റവന്യൂ വരുമാനം വർദ്ധിച്ചുവെങ്കിലും അതിനനുസരിച്ച് കടബാദ്ധ്യതയും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ ഉന്നത തസ്തികകൾ സൃഷ്ടിച്ച് റവന്യൂ ചെലവ് വർദ്ധിപ്പിക്കുന്ന നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. 28 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുമ്പോൾ പൊതുമേഖലയിൽ 6000 കോടിരൂപയുടെ കടബാദ്ധ്യത ഉണ്ടായത് ഈ സർക്കാരിന്റെ ധനകാര്യ മിസ്മാനേജ്മെന്റ് കൊണ്ടാണ്. ക്രമസമാധാനത്തിന്റെ കാര്യത്തിൽ കണ്ണൂരിലേയും തലശ്ശേരിയിലേയും സംഭവങ്ങളെക്കുറിച്ച് പാർലമെൻറിൽ ചർച്ച നടന്നത് കേരളം മറ്റു സംസ്ഥാനങ്ങളുടെ മുന്നിൽ പരിഹാസ്യമായതിന്റെ തെളിവാണ്. കേരളത്തിൽ ചെങ്ങറ,

ആതിരപ്പുഴ, ചാലക്കുടി എന്നീ സ്ഥലങ്ങളിൽ നടക്കുന്ന സമരങ്ങളെ വളരെ മോശമായിട്ടാണ് ഈ ഗവൺമെന്റ് വിലയിരുത്തുന്നത്.

ശ്രീ. കെ.പി. മോഹനൻ: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. കഴിഞ്ഞ കാലങ്ങളിലുണ്ടായ അനീതിയും അഴിമതിയും ഇല്ലാതാക്കി പാവപ്പെട്ടവർക്ക് നേട്ടമുണ്ടാക്കുന്ന ഈ സർക്കാരിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താൻ പ്രതിപക്ഷം തയ്യാറാകണം. കണ്ണൂരിൽ സമാധാനാന്തരീക്ഷം സൃഷ്ടിക്കാൻ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സ്വീകരിച്ച നടപടികൾ സ്വാഗതാർഹമാണ്. റോഡുകളുടെ പുനരുദ്ധാരണത്തിൽ നല്ല സമീപനമാണ് ഈ ഗവൺമെന്റ് കാഴ്ചവെച്ചിരിക്കുന്നത്. വിവിധ മേഖലയിലെ അർഹരായവർക്ക് കുടിശ്ശിക ഉൾപ്പെടെ പെൻഷൻ അനുവദിച്ചത് ആശ്വാസകരമാണ്. കായികവിനോദം പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി മൂന്നാറിൽ ഹൈ ആൾട്ടിറ്റ്യൂഡ് കായിക പരിശീലന കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിച്ചു. കേരളത്തിന്റെ തനത് ആയോധനകലയായ 'കളരി' കുട്ടികളെ ചെറുപ്പത്തിൽത്തന്നെ പരിശീലിപ്പിക്കാനുള്ള പദ്ധതി ആവിഷ്ക്കരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും മറ്റു പിന്നോക്കസമുദായത്തിനും നൽകിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നില്ല എന്നുള്ളത് വളരെ ഗൗരവത്തോടെ കാണണം. ലക്ഷം വീട് കോളനികൾ പുനരുദ്ധരിച്ച് കൂടുതൽ സൗകര്യങ്ങൾ ഉണ്ടാക്കണം. അന്തർസംസ്ഥാന റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. കൂടുതൽ സർവ്വീസ് നടത്തണം. തലശ്ശേരി ഡിപ്പോയിൽ കൂടുതൽ സൗകര്യങ്ങളുണ്ടാക്കണം. പഞ്ചായത്തുകൾക്ക് ഫണ്ട് നൽകിക്കൊണ്ട് ശുദ്ധജലക്ഷാമം പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണം. തിരുവനന്ത

പുരം റീജിയണൽ ക്യാൻസർ സെന്ററിൽ ലഭിക്കുന്ന എല്ലാ സൗകര്യവും മലബാർ ക്യാൻസർ സെന്ററിലും ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. ആയുർവേദ ഹോമിയോ വിഭാഗങ്ങളുടെ പ്രവർത്തനം ത്വരിതപ്പെടുത്തണം.

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ നികുതി വരുമാനം 22.1 ശതമാനം ഉയരുകയും കടബാദ്ധ്യത ആഭ്യന്തര വരുമാനത്തിന്റെ 37.66 ശത മാനം താഴുകയും റവന്യൂ കമ്മി 1.99 ശതമാനം കുറയുകയും ധനക്കമ്മി 2.88 ശതമാനം കുറയുകയും ചെയ്തിരിക്കുകയാണ്. സംസ്ഥാന ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം വരുമാനത്തിന്റെ കാര്യത്തിൽ നിരവധി പരിമിതികളുണ്ട്. ഗ്ലോബലൈസേഷനെ പ്രതിരോധിച്ച് മുന്നോട്ടു കടക്കാനുള്ള സംസ്ഥാന ഗവൺമെന്റിന്റെ ശ്രമത്തിന്റെ ഫലമായിട്ടുള്ളതാണ് ഈ ബഡ്ജറ്റ്. ഡിസ്ട്രിബ്യൂട്ടീവ് ജസ്റ്റീസിൽ ഊന്നിനിന്നുകൊണ്ട് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുക്കുകയാണ് ഈ ബഡ്ജറ്റിലൂടെ ഗവൺമെന്റ് ചെയ്യുന്നത്. കേന്ദ്ര ബഡ്ജറ്റ് അവതരിപ്പിച്ച് അര മണിക്കൂറിനകം 11 ജില്ലകൾ ഉൾപ്പെട്ട മഹാരാഷ്ട്രയിലെ വിദർഭയിൽ ഒരു കർഷകൻ ആത്മഹത്യ ചെയ്തത് ഗ്ലോബലൈസേഷൻ കൃഷിക്കാരെ കൊല്ലുന്നു എന്നതിന് ഉദാഹരണമാണ്. മഹാരാഷ്ട്രയിലും ആന്ധ്രയിലും മാത്രം 70 കർഷക ആത്മഹത്യകളാണ് നടന്നിട്ടുള്ളത്. ഗ്ലോബലൈസേഷൻ ഇൻഡ്യയിലെ കർഷകരെ നശിപ്പിക്കുന്ന ഒരു ഘടകമാണ്. കേന്ദ്ര ബഡ്ജ റ്റിൽ 2 ഹെക്ടറിൽ താഴെ സ്വന്തമായി ഭൂമിയുള്ള കർഷകരുടെ കടങ്ങൾ എഴു തിത്തള്ളുമെന്നാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ വിദർഭയിൽ ശരാശരി 3 ഹെക്ടറിനുമേൽ സ്വന്തമായി ഭൂമിയുള്ള കർഷകരാണ് ഭൂരിപക്ഷവും. ഇതാണ് കേന്ദ്ര ഗവൺമെന്റ് കർട്ടനു പിന്നിൽ നിന്നും കർഷകരോടു കാണി

ക്കുന്ന ക്രൂരത. കർഷക ആത്മഹത്യ കുറയ്ക്കാൻ കേന്ദ്ര ബഡ്ജറ്റിന് കഴിയില്ല. കേരളത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കർഷക ആത്മഹത്യാ നിരക്ക് കുറഞ്ഞുവെന്നു മാത്രമല്ല, വയനാട് ജില്ലയിൽ കർഷക ആത്മഹത്യാ നിരക്ക് സീറോ ആയി. 60,000 കോടി രൂപ കാർഷിക കടം എഴുതിത്തള്ളും എന്ന് കേന്ദ്ര ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നത് ഡിമാന്റിനെ സ്റ്റിമുലേറ്റ് ചെയ്യുന്നതിനുവേണ്ടിയാണ്. കേന്ദ്രം നെല്ലിന് കൊടുത്ത മിനിമം സപ്പോർട്ട് പ്രൈസ് 850 രൂപയാണ്. എന്നാൽ ഇപ്പോൾ നെല്ലിന് ഏറ്റവും കൂടുതൽ സപ്പോർട്ട് പ്രൈസ് കൊടുക്കുന്നത് കേരളത്തിലെ ഗവൺമെന്റാണ്. രാധാകൃഷ്ണൻ കമ്മിറ്റി റെക്കമെന്റ് ചെയ്ത ഡെബ്റ്റ് റിഡംപ്ഷൻ ഫണ്ട് രൂപീകരിക്കണം. നിത്യോപയോഗ സാധനങ്ങളുടെ വില ക്കയറ്റം നിയന്ത്രിക്കുന്നതിന് കേന്ദ്ര ബഡ്ജറ്റിൽ തുക നീക്കിവച്ചിട്ടില്ല. സംസ്ഥാന ഗവൺമെന്റ് ഇതിനായി 50 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തു കയും നിത്യോപയോഗ സാധനങ്ങളുടെ വില കൂടുന്നതനുസരിച്ച് ആവശ്യ മായ തുക കണ്ടെത്തുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര ഗവ ണ്മെന്റിന്റെ പദ്ധതി അടങ്കൽ 110 ശതമാനമായി വർദ്ധിച്ചെങ്കിലും സംസ്ഥാന വിഹിതം കുറയുകയാണ് ചെയ്തത്. ഗ്ളോബലൈസേഷന്റെ വക്താവായി പ്രവർത്തിക്കുന്ന കേന്ദ്ര ഗവണ്മെന്റ് ഇൻഡ്യയെ വലിയ കടക്കെണിയിലേയ്ക്ക് കൊണ്ടുപോകുമെന്ന കാര്യത്തിൽ തർക്കമില്ല. ഒരു വശത്ത് ഗ്ളോബലൈസേഷൻ കൊണ്ടുവരികയും മറുവശത്ത് വർഗ്ഗീയതയോട് മൃദു സമീപനം സ്വീകരിക്കുകയും ചെയ്യുന്ന നിലപാടാണ് കോൺഗ്രസ്സിനുള്ളത്. 2001-ൽ എച്ച്.എം.ടി. ഭൂമി ഒരു സെന്റിന് പതിനായിരം രൂപ വച്ച് സി.ഡി..ഐ. എഫ്.-ന് കൊടുക്കാനുള്ള തീരുമാനം കോൺഗ്ര സ്സിലെ ഒരംഗത്തിന്റെ എതിർപ്പുമൂലമാണ് നടപ്പാക്കാൻ കഴിയാതെ വന്നത്.

<u>ശ്രീ. വി. സുരേന്ദ്രൻപിള്ള:</u> വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. സംസ്ഥാനത്ത് ജനക്ഷേമകരമായ നിരവധി പ്രവർത്തനങ്ങൾ നടത്തിയ ഒരു ഗവണ്മെന്റാണ് ഇടതപക്ഷജനാധിപത്യ മുന്നണി ഗവണ്മെന്റ്. കേരളത്തിലെ ജനങ്ങളുടെ മേൽ അധികഭാരം അടിച്ചേൽപ്പിക്കാത്ത ഒരു ബഡ്ജറ്റാണിതെന്ന് കേരളീയ സമൂഹം അംഗീകരിച്ചശേഷവും ബഡ്ജറ്റിനെതിരായ പ്രചരണമാണ് പ്രതിപക്ഷം നടത്തുന്നത്. വിലക്കയറ്റം നിയന്ത്രിക്കാനായി 5 വർഷംകൊണ്ട് 177 കോടി രൂപ യു.ഡി.എഫ്. ഗവണ്മെന്റ് ചെലവഴിച്ചുവെങ്കിൽ കഴിഞ്ഞ ഒരു വർഷത്തി നിടയിൽ 311 കോടി രൂപയാണ് ഇതിനായി ഈ ഗവണ്മെന്റ് അനുവദിച്ചത്. ക്ഷേമ പെൻഷനുകൾ 200 രൂപയാക്കി വർദ്ധിപ്പിച്ചു. കുടിശ്ശക ഉൾപ്പെടെയുള്ള പെൻഷൻ കൊടുത്തുതീർക്കാനായി 686 കോടി രൂപ ചെലവഴിച്ചു. നിർമ്മാണ മേഖല ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്.. നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവ് കണക്കിലെടുത്ത് ടെണ്ടർ എസ്റ്റിമേറ്റ് വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. ഹൈക്കോടി ബെഞ്ചിനായി 50 ലക്ഷം രൂപ അനുവദിച്ച നടപടി സ്വാഗതാർഹമാണ്.

<u>ശ്രീ. പി.ടി.എ. റഹീം</u>: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. പരോക്ഷമായ മാറ്റങ്ങൾ വലിയ തോതിലുണ്ടാക്കിയ ഒരു ബഡ്ജറ്റാണിത്. ഹജ്ജ് ഹൗസിന് കൂടുതൽ തുക അനുവദിച്ച് അതിന്റെ പണി സമയബന്ധിത മായി പൂർത്തിയാക്കി സമുദായത്തിലെ വിവിധ തുറകളിൽ ഭിന്നിച്ചു നിന്നിരുന്ന ആളുകളെ ഒരുമിച്ച് കൊണ്ടുവന്ന് അത് ഉൽഘാടനം ചെയ്യാൻ സാധിച്ചിട്ടുണ്ട്. കണ്ണൂർ സംഭവം വളരെ നല്ല രീതിയിൽ കൈകാര്യം ചെയ്ത ഒരു ഗവണ്മെന്റാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ്.

കേന്ദ്രത്തിലും സംസ്ഥാനത്തിലും വ്യത്യസ്തമായ നിലപാടാണ് കോൺഗ്രസ്സ് എടുക്കുന്നത്.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. ധനകാര്യ വകുപ്പിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഒരു പുന:ക്രമീകരണത്തിന് തയ്യാറെടുക്കുന്ന നിലപാടാണ് ഗവണ്മെന്റ് സ്വീകരിക്കുന്നത്. വാളയാറിനെ അഴിമതിരഹിത ചെക്ക്പോസ്റ്റായി മാറ്റി നികുതി വരുമാനം വർദ്ധിപ്പിച്ചു. 'അഴിമതിരഹിത വാളയാറിൽനിന്ന് എറണാകുളത്തേയ്ക്ക്' എന്ന പുതിയ പരീക്ഷണം വിജയിപ്പിച്ചുകഴിഞ്ഞാൽ അഴിമതിരഹിത പ്രവർത്തനങ്ങൾ നടത്താൻ കഴിയും. സാമ്പത്തിക ഉദാരവൽക്കരണം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കാനുള്ള കേന്ദ്ര സാമ്പത്തിക സർവ്വേ ശുപാർശ സ്വതന്ത്ര സാമ്പത്തിക സംവിധാനത്തിന് വെല്ലുവിളിയാകും. കണ്ണൂർ, കോഴിക്കോട് വിമാനത്താവള വികസനം, നാലുവരിപ്പാത, മലയോര ഹൈവേ, കൊച്ചിൻ മെട്രോ, കോഴിക്കോട് നഗര വികസന പരിപാടി എന്നിവ സ്വാഗതാർഹമാണ്. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടഞ്ഞുനിർത്താനുള്ള നടപടികൾ സ്വീകരിച്ചു. വാറ്റ് നികുതിയുടെ വർദ്ധനവ് ആ മേഖലയിൽ അതുവരെയുണ്ടായിരുന്ന ആലസ്യവും നിഷ്ക്രിയത്വവും ഒഴിവാക്കി കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് രൂപം നൽകാൻ സഹായിച്ചു.. 2010-2011 -ൽ റവന്യൂ കമ്മി ഇല്ലാതാകുന്നതോടുകൂടി ഏതാണ്ട് 6000 കോടി രൂപയുടെ മൂലധന നിക്ഷേപം ലഭിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഇതുമൂലം വൻകിട കേന്ദ്രാവിഷ്കൃത പദ്ധതികളും പരിപാടികളും പ്രാവർത്തികമാക്കുന്നതിനും പൊതു മേഖലയിലും സ്വകാര്യമേഖലയിലും വ്യവസായ സമാധാനം പുന:സ്ഥാപിക്കു

ന്നതിനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നിയോജകമണ്ഡലങ്ങളുടെ സമയ ബന്ധിതമായ പ്രവർത്തനത്തിന് 2.5 കോടി രൂപ നീക്കിവച്ചത് സ്വാഗതാർഹ മാണ്. കൈത്തറി, ഖാദി തുടങ്ങിയ പരമ്പരാഗത മേഖലകളുടെ സമഗ്ര പുരോഗതിക്ക് കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. കേരളത്തിന് അനുവദി ക്കുന്ന കേന്ദ്രസർവ്വകലാശാലയുടെ ആസ്ഥാനം കണ്ണൂർ, കാസർഗോഡ്, മേഖ ലകൾ ഉൾക്കൊള്ളുന്ന ഉത്തരമലബാറിൽ സ്ഥാപിക്കണം.

ശ്രീ. എം.എം. മോനായി: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കു ന്നു. സംസ്ഥാനത്തിന്റെ പ്രാധാന്യം വെട്ടിച്ചുരുക്കുന്ന കേന്ദ്ര സാമ്പത്തിക നയങ്ങൾക്കെതിരായ ഒരു ബദൽ സംവിധാനമാണ് സംസ്ഥാന ബഡ്ജറ്റ്. കേന്ദ്ര നയത്തിൽനിന്നും വ്യത്യസ്തമായി പൊതുവിതരണ സമ്പ്രദായത്തി ലൂടെ വിലക്കയറ്റം പിടിച്ചുനിറുത്തുന്ന സമീപനമാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. കേന്ദ്രഗവൺമെന്റ് 60,000 കോടി രൂപയുടെ കാർഷിക സഹായം പ്രഖ്യാപിച്ചുവെങ്കിലും ഇന്ത്യയിലെ കർഷക ആത്മഹത്യ കുറ യ്ക്കുന്നതിനോ പണപ്പെരുപ്പം നിയന്ത്രിക്കുന്നതിനോ അത് സഹായകമാ കുന്നില്ല. സർവ്വശിഷാ അഭിയാൻ പദ്ധതിയുടെ 7 ശതമാനവും എൻ.ആർ.എ ച്ച്.എം.ന്റെ 12 ശതമാനവും എൻ.ആർ.ഇ.ജി.പി.യുടേത് 12,000 രൂപയായും കേന്ദ്രധനസഹായം വെട്ടിക്കുറച്ചു. അശാസ്ത്രീയമായ എ.പി.എൽ./ബി.പി. എൽ. വേർതിരിവുമൂലം ഭക്ഷ്യസബ്സിഡി വെട്ടിക്കുറച്ചു. അമേരിക്കൻ സാമ്പത്തിക നയങ്ങൾ ഇവിടെ നടപ്പിലാക്കാനുള്ള ശ്രമങ്ങളാണ് കേന്ദ്ര ഗവൺമെന്റ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് സ്വീകരിക്കുന്ന ബദൽ സമീപനങ്ങളുടെ ഫലമായി കേരളത്തെ മാനവ വികസന സൂചികയിൽ 22,000 ഡോളർ പ്രതിശീർഷ വരുമാനമുള്ള യൂറോപ്യൻ രാജ്യങ്ങളോടൊപ്പം എത്തിക്കാൻ

കഴിഞ്ഞുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ആഗോള പ്രതിഭാസമാണെന്നുപറയുന്ന പണപ്പെരുപ്പം നിയന്ത്രിക്കാൻ കേരളത്തിൽ സഹകരണ സംഘങ്ങളെ ഉപയോഗിച്ച് അതിശക്തമായ ബദൽ ഇടപെടലുകളാണ് നടത്തിയിട്ടുളളത്.

<u>ശ്രീ. ടി.എൻ. പ്രതാപൻ:</u> വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. കഴിഞ്ഞ തവണത്തെ ബഡ്ജറ്റിൽ പാസ്സാക്കിക്കൊടുത്ത പണം ചെലവു ചെയ്യാത്ത സാഹചര്യമുളള ഒരു ഗവൺമെന്റിന് വീണ്ടും വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കിക്കൊടുക്കുന്നത് അനൗചിത്യമാണ്. 2006-07-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റും പുതുക്കിയ എസ്റ്റിമേറ്റും തമ്മിൽ കാര്യമായ വ്യത്യാസമില്ല. നടപ്പുസാമ്പത്തിക വർഷത്തിലെ മൂലധനച്ചെലവിലും കാര്യമായ വർദ്ധനവില്ല. ഈ സാഹചര്യത്തിൽ 2008-09-ലെ മൂലധനച്ചെലവ് കഴിഞ്ഞ വർഷത്തെ മൂലധനച്ചെലവുകൊണ്ട് നേരിടാൻ കഴിയും. തൊഴിലില്ലായ്മ പരിഹരിക്കാൻ യാതൊരു നിർദ്ദേശവും ഈ ബഡ്ജറ്റിലില്ല. 40 ലക്ഷത്തോളം വരുന്ന തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് തൊഴിലവസരങ്ങൾ നിഷേധിച്ച ഈ ഗവൺമെന്റ് വൻകിട മുതലാളിമാരെ സഹായിക്കുന്നതിനായി മൊബൈൽ റീ-ചാർജ്ജ് കൂപ്പണുകൾക്ക് ഏർപ്പെടുത്തിയ നികുതി മുൻകാല പ്രാബല്യത്തോടുകൂടി പിൻവലിച്ചിരിക്കുകയാണ്. ഏവിയേഷൻ ഫ്യുവലിന്റെ നികുതി 4 ശതമാനമാക്കി കുറച്ചതുവഴി ഗവൺമെന്റിന് 38.34 കോടി രൂപയുടെ നഷ്ടമുണ്ടാവുകയും വൻകിട വിമാനക്കമ്പനികൾക്ക് വലിയ ലാഭമുണ്ടാവുകയും ചെയ്തിരിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ ഇനത്തിൽ 10 കോടിയോളം രൂപ ഇനാം പറ്റിയതായി ആരോപിക്കുന്നു. ഈ അഴിമതി സംബന്ധിച്ച് അന്വേഷണം നടത്തണം. വിവരാവകാശ നിയമപ്രകാരം വാണിജ്യനികുതി വകുപ്പിൽ നിന്ന് ലഭിച്ച മറുപടിയനുസരിച്ച്

കശുവണ്ടി മേഖലയിൽ വമ്പിച്ച അഴിമതിയാണ് നടന്നിരിക്കുന്നത്. കേന്ദ്ര വാണിജ്യ വിൽപ്പന നികുതിയനുസരിച്ചുള്ള 'സി', 'എഫ്'. എന്നീ ഫാമുകൾ വ്യാജമായുണ്ടാക്കി വ്യാജ സീൽ പതിച്ച് നികുതി വെട്ടിപ്പ് നടത്തുകവഴി സർക്കാരിന് 23.25 കോടി രൂപയുടേയും പിഴപ്പലിശയിനത്തിൽ 12.92 കോടി രൂപയുടേയും നഷ്ടമുള്ളതായി കണ്ടെത്തിയിരിക്കുന്നു. ഇതിനുത്തരവാദികളായവർക്കെതിരെ യാതൊരു ശിക്ഷാ നടപടിയും സ്വീകരിച്ചിട്ടില്ല. ഈ നികുതി വെട്ടിപ്പിനുപിന്നിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഓഫിസിലെ ചില ആളുകളും പ്രവർത്തിക്കുന്നുണ്ട്. ഇത് അന്വേഷണവിധേയമാക്കണമെന്ന് ആവശ്യപ്പെടുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് ചെലവ് ചുരുക്കിയും സാമ്പത്തിക വരുമാനം വർദ്ധിപ്പിച്ചും സംസ്ഥാനത്തെ സാമ്പത്തിക പുരോഗതിയിലേയ്ക്ക് നയിച്ചുകൊണ്ടിരിക്കുകയാണ്. യു.ഡി.എഫ് ഗവൺമെന്റ് എം.എൽ.എ മാർക്കുള്ള ടി.എ.പോലും നൽകിയിരുന്നില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരമേൽക്കുമ്പോൾ സംസ്ഥാനത്ത് 46,000 കോടി രൂപയുടെ പൊതുകടമുണ്ടായിരുന്നു. ആ സാമ്പത്തിക പ്രതിസന്ധിക്കിടയിലും ശരിയായ രൂപത്തിലുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടാണ് കേരളത്തെ പുരോഗതിയിലേയ്ക്ക് നയിക്കുന്നത്. കേരളത്തിന്റെ സമൂല വികസനത്തിനാവശ്യമായ ഇൻഫർമേഷൻ ടെക്നോളജി, ടൂറിസം, എഞ്ചിനീയറിംഗ് എന്നീ മേഖലകളിൽ വലിയ മുന്നേറ്റമുണ്ടാക്കുന്നതിനാവശ്യമായ സമീപനമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കൃഷി-പരമ്പരാഗത മേഖലകളിൽ നിക്ഷേപം അനുദിനം

വർദ്ധിച്ചുകൊണ്ടിരിക്കുന്നു. യു.ഡി.എഫ് ഗവൺമെന്റ് ആത്മഹത്യ ചെയ്ത കർഷകരെ സഹായിക്കാൻ യാതൊരു നടപടിയും സ്വീകരിച്ചില്ല. ആത്മഹത്യ ചെയ്ത കർഷകരുടെ കാർഷിക കടം എഴുതിത്തള്ളാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടപടി സ്വീകരിച്ചു. കർഷകരെ സഹായിക്കുന്നതിനായി കേരളത്തിൽ കടാശ്വാസ കമ്മീഷൻ രൂപീകരിക്കുകയും അതിനുവേണ്ടി 180 കോടി രൂപ അനുവദിക്കുകയും ചെയ്തു. നെല്ലിന് 8.50 രൂപ സംഭരണ വില പ്രഖ്യാപിക്കുകയും കാർഷികോൽപ്പന്നങ്ങൾക്ക് വില സ്ഥിരതാ ഫണ്ട് പ്രഖ്യാപിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. കേരളത്തിൽ സാമ്പത്തിക-സാമൂഹിക പുരോഗതിക്കാവശ്യമായ മാതൃകാപരമായ നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. മൃഗസംരക്ഷണ മേഖലയിലും മത്സ്യം, കയർ, കശുവണ്ടി, കൈത്തറി, ഖാദി എന്നീ പരമ്പരാഗത തൊഴിൽ മേഖലകളിലും കുടിൽ വ്യവസായ മേഖലകളിലും മാതൃകാപരമായ ഭരണമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങൾ പുരോഗതിയുടെ പാതയിലാണ്. കേരളത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ തീർത്ത് ഗതാഗതയോഗ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കോൺട്രാക്ടർമാർക്ക് കൊടുക്കാനുണ്ടായിരുന്ന 530 കോടി രൂപയുടെ കുടിശ്ശിക കൊടുത്തു തീർത്തു. വിലക്കയറ്റം തടയുന്നതിനും നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനുമാവശ്യമായ നടപടികളും വൻകിടക്കാരുടെ കൈവശമിരുന്ന സർക്കാർ ഭൂമി ഏറ്റെടുക്കാനുള്ള നടപടികളും സ്വീകരിച്ചു.

<u>ശ്രീ. വി.എസ്. സുനിൽ കുമാർ</u> : വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്

അധികാരത്തിൽ വന്നപ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം 47,751 കോടി രൂപയായിരുന്നു. എല്ലാ പ്രദേശങ്ങളിലും കുടിവെള്ളവും ഭക്ഷണവും പാർപ്പിടവും എത്തിക്കുകയെന്നതാണ് വികസനത്തിന്റെ മാനദണ്ഡമെന്നാണ് എൽ.ഡി.എഫ്. ഗവൺമെന്റ് വിശ്വസിക്കുന്നത്. യു.ഡി.എഫ്. ഗവൺമെന്റ് ന്യൂനപക്ഷത്തിന്റെ വളർച്ച മാത്രമാണ് ലക്ഷ്യമാക്കിയിരുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കർഷകത്തൊഴിലാളികളുടെ പെൻഷൻ 200 രൂപയായി വർദ്ധിപ്പിച്ചു. ഇൻഡ്യയിൽ ആദ്യമായി കർഷകന് പെൻഷൻ അനുവദിച്ചത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ്.. കേന്ദ്ര ഗവൺമെന്റ് ആണവ കരാറിനെക്കുറിച്ചാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് ഭക്ഷ്യ സുരക്ഷിതത്വം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുന്നില്ല. കേന്ദ്ര ഗവൺമെന്റ് നടപ്പാക്കുന്ന നയവ്യതിയാനത്തിന്റെ ഭാഗമായിട്ടാണ് ഇൻഡ്യയിൽ മാറ്റങ്ങളുണ്ടായിക്കൊണ്ടിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് കോൺട്രാക്ട് കൃഷി വ്യാപിപ്പിക്കുമെന്നാണ് പറയുന്നത്. കർഷകന്റെ കൈയിൽ നിന്ന് നേരിട്ട് കാർഷികോൽപ്പന്നങ്ങൾ സംഭരിക്കാനുള്ള കുത്തകാവകാശം കേന്ദ്ര ഗവൺമെന്റ് വൻകിട കമ്പനികൾക്ക് കൊടുക്കുന്നു. സുപ്രധാന മേഖലകളെല്ലാം സ്വകാര്യ വൽക്കരിക്കാനുള്ള തീരുമാനമെടുത്തത് കേന്ദ്ര ഗവൺമെന്റാണ്. പഞ്ചായത്തുകൾക്കും സംസ്ഥാന ഗവൺമെന്റുകൾക്കും പദ്ധതി വിഹിതമുണ്ട്. കാർഷിക മേഖലയിൽ ഇതുസംബന്ധിച്ചുള്ള കോ-ഓർഡിനേഷന്റെ കുറവുണ്ട്. പദ്ധതി തയ്യാറാക്കപ്പെടുന്ന കാര്യത്തിലുള്ള കോ-ഓർഡിനേഷന്റെ കുറവ് പരിഹരിക്കണം. ഉൽപ്പാദന മേഖലയിൽ വർദ്ധനവുണ്ടാക്കാൻ കഴിയുന്ന വിധത്തിലുള്ള സമഗ്രമായ പദ്ധതികളാണ് എൽ.ഡി.എഫ്. ഗവൺമെന്റ് ആവിഷ്ക്കരിച്ചിരിക്കുന്നത്.

<u>ശ്രീ. എം. ഹംസ</u>: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. കേരള സംസ്ഥാനത്തിന്റെ ഭാവി ഭദ്രവും ശോഭനവുമാക്കി മാറ്റുന്നതിനുവേണ്ടിയാണ് ബഡ്ജറ്റും വോട്ട് ഓൺ അക്കൗണ്ടും അവതരിപ്പിച്ചിരിക്കുന്നത്. സാമ്പത്തിക ശാസ്ത്രവും പ്രായോഗിക ശാസ്ത്രവും ഒരുമിച്ച് കൂട്ടിയോജിപ്പിച്ച ഏറ്റവും നല്ല വോട്ട് ഓൺ അക്കൗണ്ടാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്.ഗൗരവതരമായ പ്രശ്നങ്ങളിൽ നിന്ന് ഒളിച്ചോടുന്ന സമീപനമാണ് ഗവൺമെന്റിനുള്ളത്. .മുന്നണിയെക്കൊണ്ടോ ഗവൺമെന്റിനെക്കൊണ്ടോ സ്വന്തം തീരുമാനങ്ങൾ അംഗീകരിപ്പിക്കാൻ മുഖ്യമന്ത്രിക്ക് കഴിയുന്നില്ല. എ.ഡി.ബി., മൂന്നാർ, മെർക്കിസ്റ്റൺ, എച്ച്.എം.ടി എന്നീ പ്രശ്നങ്ങളിൽ ഉറച്ച നിലപാടെടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടില്ല. കേരളത്തിലെ ഇൻകം ലീക്കേജ് തടയാൻ ധനകാര്യ വകുപ്പുമന്ത്രി ഒരുപാട് നടപടികൾ സ്വീകരിച്ചു. വിമാന ഇന്ധനത്തിന് വില കുറച്ച് നികുതി വരുമാനം കൂട്ടാൻ നടപടിയെടുത്തു. കടലിന്റെ സാദ്ധ്യത ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള വിഭവസമാഹരണ ഉപാധിയുമായി മുന്നോട്ടു പോകുകയാണ്. ഭക്ഷ്യ സുരക്ഷയുടെ കാര്യത്തിൽ ഇൻഡ്യ വളരെയധികം പുറകിലാണെങ്കിലും കേരളത്തെ ഒരു ഭക്ഷ്യ സുരക്ഷാ സംസ്ഥാനമായി മാറ്റാൻ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കർഷക കടാശ്വാസ നിയമം കൊണ്ടുവരികയും വിലസ്ഥിരതാ ഫണ്ട് ഏർപ്പെടുത്തുകയും കൃഷിക്കാർക്ക് ക്ഷേമനിധി, പെൻഷൻ എന്നിവ നടപ്പാക്കുകയും ചെയ്തു. ഭക്ഷ്യധാന്യങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു. വ്യാവസായിക പുരോഗതിമൂലം വ്യവസായ മേഖലയിൽ വലിയ കുതിപ്പ് ഉണ്ടായിരിക്കുന്നു. ഇൻഫർമേഷൻ ടെക്നോളജി, ബയോ ടെക്നോളജി, നാനോ ടെക്നോളജി എന്നിവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി

കേരളത്തെ മുന്നോട്ടുകൊണ്ടുപോകുന്നതിന് പരിശ്രമം നടത്തിവരികയാണ്. കയറ്റുമതി രംഗത്തും ടൂറിസം രംഗത്തും വലിയ പുരോഗതി കൈവരിക്കാൻ സാധിച്ചു. വെല്ലുവിളികളെ അതിജീവിച്ചുകൊണ്ട് പ്രൊഫഷണൽ കോളേജുകളിൽ 50 ശതമാനം സീറ്റ് മെറിറ്റടിസ്ഥാനത്തിൽ നൽകാൻ സാധിച്ചു. വിലക്കയറ്റം നിയന്ത്രിക്കാൻ മാതൃകാപരമായ ഇടപെടലുകൾ ഉണ്ടായി. മാർക്കറ്റിൽ ഇടപെട്ടുകൊണ്ട് വിലനിലവാരം പിടിച്ചുനിർത്താൻ സാധിച്ചു. എം.ആർ.ടി.പി. ആക്ടും ഇ.സി. ആക്ടും മരവിപ്പിച്ചതുകൊണ്ടാണ് വിലക്കയറ്റത്തെ അഭിമുഖീകരിക്കേണ്ടിവരുന്നത്. ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ചു. മദ്രസ അധ്യാപകർക്ക് ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഒരു നിയമം കൊണ്ടുവരുന്നതിന് തുടക്കം കുറിക്കാൻ സാധിച്ചു. ഇ.കെ. നായനാരുടെ നേതൃത്വത്തിലുള്ള ഭരണ പരിഷ്കാര കമ്മിറ്റിയുടെ പൗരാവകാശ പത്രിക പ്രഖ്യാപിക്കുക, സർക്കാർ ആഫീസുകളിൽ ഹാജർ നിയന്ത്രണ യന്ത്രം സ്ഥാപിക്കുക എന്നീ ശുപാർശകൾ നടപ്പിലാക്കണം.

ശ്രീ.കെ. സുധാകരൻ : വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. മൂന്നാറിൽ പിടിച്ചെടുത്ത ഭൂമിയുടെ എല്ലാ വിവരങ്ങളും ചേർത്തുകൊണ്ട് ധവളപത്രം ഇറക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകണം. ധനകാര്യ വകുപ്പുമന്ത്രിക്ക് ഒരു പൈസയുടെ വിഭവ സമാഹരണംപോലും നടത്താൻ സാധിച്ചിട്ടില്ല. ചെത്ത് തൊഴിലാളികളുടെ പെൻഷൻ വർദ്ധിപ്പിച്ചെങ്കിലും അതിന് സർക്കാർ ഖജനാവിൽനിന്ന് ഒരു പൈസപോലും വേണ്ടിവരില്ല. അനുവദിച്ചുതരുന്ന കാശുപോലും ചെലവഴിക്കാൻ സാധിക്കാതെ സ്പിൽ ഓവർ ആക്കുന്ന സർക്കാരിന് വോട്ട് ഓൺ അക്കൗണ്ടിലൂടെ പണം അനുവദിക്കേണ്ടതില്ല. പണം നല്ല രീതിയിൽ ചെലവഴിക്കാൻ ആവശ്യമായ

ഉദ്യോഗസ്ഥരോ മെക്കാനിസമോ ഇല്ലാത്ത ഒരു ദുർബല ഗവൺമെന്റാണിത്. ഐ.എ.എസ് ഉദ്യോഗസ്ഥരടക്കമുള്ള സർക്കാർ ഉദ്യോഗസ്ഥരോട് കാണിക്കുന്ന മോശമായ സമീപനംമൂലം അവർ ഉത്തരവാദിത്വം നിറവേറ്റാതെ മാറിനിൽക്കുകയും രാജിവച്ച് പോകുകയും ചെയ്യുന്നതിന്റെ ഫലമായി ഉദ്യോഗസ്ഥരംഗം ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. . സംസ്ഥാനത്തൊട്ടാകെ തീവ്രവാദം പിടിമുറുക്കുമ്പോൾ പോലീസ് നിഷ്ക്രിയത്വം പാലിക്കുകയാണ്. ഇൻഡ്യയിൽ ഏറ്റവും വലിയ ക്രിമിനലുകളുടെ നാട് എന്ന റിക്കോർഡ് കണ്ണൂരിന് നേടിക്കൊടുത്തിരിക്കുകയാണ്. വിദ്യാഭ്യാസ മേഖലയിൽ ഉന്നത വിദ്യാഭ്യാസ കൗൺസിൽ, കെ.ഇ.ആർ. പരിഷ്കരണം, ക്ളസ്റ്റർ രൂപീകരണം, പാഠപുസ്തക പരിഷ്കരണം തുടങ്ങിയ വളരെ പ്രധാനപ്പെട്ട കാര്യങ്ങളിൽപ്പോലും വിദ്യാഭ്യാസ വിചക്ഷണൻമാരുമായോ അദ്ധ്യാപക-വിദ്യാർത്ഥി സംഘടനകളുമായോ പ്രതിപക്ഷവുമായോ യാതൊരുതരത്തിലുള്ള ചർച്ചയും നടത്താതെ തുഗ്ളക്ക് പരിഷ്കാരമാണ് നടത്തുന്നത്. നെല്ലിന്റെ കുത്തക സംഭരണത്തിലൂടെ കർഷകരെ കബളിപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. ഈ ഗവൺമെന്റ് എല്ലാ രംഗത്തും കുത്തഴിഞ്ഞ സമീപനമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. മുഖ്യമന്ത്രിക്ക് അദ്ദേഹത്തിന്റെ അഭിപ്രായങ്ങളിൽ ഉറച്ചുനിൽക്കാൻ കഴിയുന്നില്ല. ഗൗരവതര മായ പ്രശ്നങ്ങളിൽ നിന്ന് ഒളിച്ചോടുന്ന സമീപനമാണ് ഈ ഗവൺമെന്റിനു ളളത്. .മുന്നണിയെക്കൊണ്ടോ ഗവൺമെന്റിനെക്കൊണ്ടോ സ്വന്തം തീരുമാന ങ്ങൾ അംഗീകരിപ്പിക്കാൻ മുഖ്യമന്ത്രിക്ക് കഴിയുന്നില്ല. എ.ഡി.ബി., മൂന്നാർ, മെർക്കിസ്റ്റൺ, എച്ച്.എം.ടി എന്നീ പ്രശ്നങ്ങളിൽ ഉറച്ച നിലപാടെടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടില്ല.

ധനകാര്യ വകുപ്പുമന്ത്രി (ഡോ.തോമസ് ഐസക്): സാമ്പത്തിക ശാസ്ത്രത്തിൽ declining rate of marginal utility എന്ന സങ്കൽപ്പമുണ്ട്. നമ്മുടെ യൂട്ടിലിറ്റി താഴോട്ട് പോവുകയാണ്. ഏവിയേഷൻ ടർബൈൻ ഫ്യൂവലിന്റെ നികുതി നിരക്ക് കുറയ്ക്കണമെന്ന് കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിനെ അറിയിച്ചിരുന്നുവെങ്കിലും അത് അപ്പോൾ നിഷേധിക്കുകയാണ് ചെയ്തത്. എന്നാൽ കോൺഗ്രസ്സ് ഭരിക്കുന്ന സംസ്ഥാനങ്ങളിൽ എ.ടി.എഫ്.. 4 ശതമാനമായി കുറച്ചു. ട്രെയിനുകളുടെ റീഫ്യുവലിംഗിന് മംഗലാപുരത്ത് നിരക്ക് കുറച്ചതിന്റെ അടിസ്ഥാനത്തിൽ കേരളത്തിന് വളരെയധികം നഷ്ടമുണ്ടാകുന്നുണ്ട്. അത് വരാതിരിക്കുന്ന തിനാണ് ഇപ്പോൾ എ.ടി.എഫ്-ന്റെ നികുതി 4 ശതമാനമായി കുറച്ചിരിക്കു ന്നത്. ഇന്റർനാഷണൽ ഫ്ളൈറ്റിന് 20 ശതമാനം ടാക്സ് മാത്രമാണ് വരുന്നത്. റീചാർജ് കൂപ്പണിന് മുൻകാല പ്രാബല്യത്തോടെ നികുതിയിളവ് നൽകിയതിന് ആക്ഷേപം ഉന്നയിച്ചു. ഇപ്പോൾ പ്രതിപക്ഷത്തിരിക്കുന്നവർ ഭരിച്ചിരുന്നകാലത്ത് സിം കാർഡ് വിൽപ്പനയിൽ ഒരു പൈസപോലും നികു തിയിനത്തിൽ പിരിക്കുകയുണ്ടായിട്ടില്ല. എന്നാൽ ഈ സർക്കാർ വന്നതിനു ശേഷമാണ് നികുതി പിരിക്കാൻ തുടങ്ങിയത്. ഇതുമായി ബന്ധപ്പെട്ട് 30 കേസ്സുകൾ ഉണ്ട്. ഒരു കേസ്സ് ഡിവിഷൻ ബഞ്ചിലേയ്ക്ക് റഫർ ചെയ്തിട്ടു ണ്ട്. വേറൊരു കേസ്സിന് സുപ്രീം കോടതിവിധി വന്നിട്ടുണ്ട്. ആ വിധിയിൽ പറയുന്നത്, സിം കാർഡിന്റെ കടലാസ്സിന്റെ മെറ്റീരിയൽ പോർഷനുമാത്രമേ സംസ്ഥാനത്തിന് നികുതി ചുമത്താൻ സാധിക്കുകയുള്ളൂ എന്നാണ്. അതുകൊണ്ടാണ് മൊബൈൽ റീ-ചാർജ്ജ് കൂപ്പണുകൾക്കുള്ള വാറ്റ് 1-4-2005-മുതൽ മുൻകാല പ്രാബല്യത്തോടെ ഒഴിവാക്കാൻ ഉദ്ദേശിച്ചത്.

സംസ്ഥാനത്തിന് നികുതിയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള 1900 കോടി രൂപയിൽ 23 കോടി രൂപ മാത്രമേ കേസ്സുകൾ നടത്തിയും മറ്റും പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുള്ളൂ. ഇപ്പോഴുള്ള കുടിശ്ശിക കേസ്സുകളിന്മേൽ തീരുമാനമെടുക്കുമ്പോഴേയ്ക്കും ധാരാളം സമയനഷ്ടമുണ്ടാകും. മാത്രമല്ല ഇതുവരെ നടത്തിയ നല്ലൊരു ശതമാനം കേസ്സുകളിലും സർക്കാരിന് എതിരായിട്ടാണ് വിധി വന്നിട്ടുള്ളത്. പഴയ വിൽപ്പന നികുതി കുടിശ്ശിക കേസ്സുകളായതുകൊണ്ട് (കെ.ജി.എസ്.ടി.) സമയം നഷ്ടപ്പെടുത്തുന്നത് യുക്തിയല്ല. അതിനുപകരം അതിലേയ്ക്കായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരെ അതിൽ നിന്ന് മാറ്റി വാറ്റ് കളക്ട് ചെയ്യുന്നതിലേയ്ക്ക് നിയോഗിച്ച് അതിലൂടെ സംസ്ഥാനത്തിന്റെ വരുമാനം എങ്ങനെ വർദ്ധിപ്പിക്കാൻ കഴിയും എന്നാണ് നോക്കുന്നത്. വാറ്റ് നികുതിയിനത്തിൽ പിരിഞ്ഞു കിട്ടാനുള്ളതിൽ ഏതാണ്ട് 100 കോടി രൂപയിൽ താഴെ മാത്രമാണ് സ്ക്രൂട്ടിനിയും ആഡിറ്റും നടത്തി അധിക ഡിമാന്റ് ഉണ്ടാക്കി പിരിക്കുന്നത്. ബാക്കി മുഴുവനും കച്ചവടക്കാർ നേരിട്ട് അടയ്ക്കുകയാണ്. സ്ക്രൂട്ടിനിയും ആഡിറ്റിംഗും നടത്താൻ പ്രത്യേക സംവിധാനങ്ങൾ വേണം. അതിന് കണക്കുകൾ പ്രത്യേകമായി കമ്പ്യൂട്ടറൈസ് ചെയ്യണം. ചെക്ക്പോസ്റ്റുകളിൽ നിന്ന് കണക്കുകൾ ലഭിക്കണം, പരിശോധനയ്ക്കുള്ള പരിശീലനം സിദ്ധിച്ചവർ വേണം. വാറ്റ് സ്ക്രൂട്ടിനി, ആഡിറ്റ് എന്നിവ ശരിയായെങ്കിൽ മാത്രമേ സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിക്കുകയുള്ളൂ. ഇത്ര ശതമാനം കേസ്സുകൾ ഗവൺമെന്റ് ജയിക്കുമെന്നതിന് പ്രോബബിലിറ്റിയുണ്ട്. ഇതെല്ലാം പരിഗണിക്കുമ്പോൾ സർക്കാരിന്റെ ഭാവിക്ക് നല്ലത് വൺ ടൈം സെറ്റിൽമെന്റ് തന്നെയാണ്. വൺടൈം സെറ്റിൽമെന്റ് വന്നാൽ കേസ്സുകളിൽ നിന്ന് പിൻവാങ്ങണം. 2005-06, 2006 -07 വർഷങ്ങൾ പരിശോധിച്ചാൽ ചില മേഖലകളിൽ ചെലവ് കുറഞ്ഞു

എന്നത് വസ്തുതയാണെങ്കിൽപ്പോലും കേരളത്തിന്റെ മൊത്തം ചെലവ് കൂടുകയാണ് ചെയ്തിട്ടുള്ളത്. കോൺട്രാക്ടർമാർക്ക് 18 മാസത്തെ കുടിശ്ശിക ഇനി കൊടുക്കാനുണ്ട്. അതിൽ 2 മാസത്തെ കുടിശ്ശിക ഉടൻ തന്നെ നൽകും. കുടിശ്ശിക തീർത്തുകൊണ്ടിരിക്കുന്നതുകൊണ്ട് മൊത്തം ചെലവ് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. രണ്ടു വർഷം മുമ്പുവരെ സംസ്ഥാനം എടുക്കുന്ന വായ്പയുടെ ഏതാണ്ട് 82 ശതമാനവും ശമ്പളം, പെൻഷൻ തുടങ്ങിയ നിത്യനിദാനച്ചെലവുകൾക്കായാണ് വിനിയോഗിച്ചിരുന്നത്. അത് ഇപ്പോൾ 62 ശതമാനമായി കുറഞ്ഞു. 2010-11 ആകുമ്പോഴേയ്ക്കും ആ അനുപാതം പൂജ്യമാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. എങ്കിൽ മാത്രമേ വികസന പ്രവർത്തനങ്ങൾക്കായി വായ്പാ പണം ഉപയോഗപ്രദമാക്കാൻ സാധിക്കൂ. അത് സാധ്യമാവാതെ മൂലധനച്ചെലവ് നടത്തിയാൽ സംസ്ഥാനം സാമ്പത്തിക പ്രതിസന്ധിയിലകപ്പെടും. റവന്യൂ കമ്മി ഇല്ലാതാക്കുന്നതിന് ഓരോ വർഷവും ചെലവ് 8-9 ശതമാനത്തിനു മുകളിൽ പോകാതെ നോക്കേണ്ടതുണ്ട്. ഒരു ഫിസ്ക്കൽ ഡിസിപ്ളിനുള്ളിൽ നിന്നുകൊണ്ടുമാത്രമേ സർക്കാരിന് പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. അവിടെയാണ് നിയമനത്തിന്റെയും മറ്റും പ്രശ്നങ്ങൾ വരുന്നത്. ശമ്പള പരിഷ്ക്കരണം ഉണ്ടാകുന്ന വർഷങ്ങളിൽ ഡെവലപ്മെന്റ് എക്സ്പെന്റിച്ചർ കുറയും എന്നത് സ്വാഭാവികമാണ്. അത് ബാക്കിയുള്ള വർഷം മേക്കപ്പ് ചെയ്യും. സംസ്ഥാനം വികസനത്തിന്റെ ഒരു പുതിയ ഘട്ടത്തിലേയ്ക്കുള്ള പടിവാതിൽക്കലാണ്. അതിനുള്ള സാധ്യതകൾ യാഥാർത്ഥ്യമാകണമെങ്കിൽ മൂലധനേതരച്ചെലവുകൾ പരമാവധി നിയന്ത്രിക്കണം. എങ്കിൽ മാത്രമേ വികസന സാധ്യതകളുടെ കാര്യത്തിൽ സംസ്ഥാനത്തിന് വളർച്ച ഉണ്ടാകൂ. ഈ വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭ നിരാകരിച്ചു.

വോട്ട് ഓൺ അക്കൗണ്ട് 22-നെതിരെ 70 വോട്ടുകളോടെ സഭ അംഗീകരിക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 3.30-ന് പിരിഞ്ഞു.

********************